കേരളാ സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.in

# ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് – 2017-18

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

e-mail : dokkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം. കെ.എസ്.എ.കെ.കെ.ഡി.പി.4/285/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോഴിക്കോട്

ഫോൺ: 04952371012
Email:- dokkd.ksad@kerala.gov.in

തീയതി: 27.03.2019.

ജോയിന്റ് ഡയറക്ടർ

പ്രസിഡന്റ് സെക്രട്ടറി മുഖേന

ചങ്ങരോത്ത് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെയും ഭാഗം 3ലെയും ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) കേരളാ സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം (ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ

3) കാര്യാലയ പകർപ്പ്

നം. കെ.എസ്.എ.കെ.കെ.ഡി.പി.4/285/2019 തീയതി: 27.03.2019.

## കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോഴിക്കോട് ജില്ലയിലെ ചങ്ങരോത്ത് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി.പഞ്ചായത്ത് 01.04.17 മുതൽ 03.02.2019 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 18 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ മറുപടി ലഭ്യമായിട്ടില്ല. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | | |
|---|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | : | ശ്രീ സതീഷ് മാവേലി പുത്തൻവീട് , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | : | 04.02.2019 മുതൽ 13.02.2019 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | : | ശ്രീ ബാലസുബ്രഹ്മണ്യൻ.എ.കെ | ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.ശ്യാംജിത്ത്.എം | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീ.സതീഷ് കുമാർ.സി.പി | അസി. ഓഡിറ്റ് ഓഫീസർ |
| | | ശ്രീമതി. ജിഷ.പി | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | | |
|---|---|---|---|
| പ്രസിഡന്റ് | : | ശ്രീമതി. ആയിഷ കെ കെ | 01.04.17 മുതൽ 31.03.18 വരെ |
| സെക്രട്ടറി | : | ശ്രീ. അനീഷ് അരവിന്ദ് | 01.04.17 മുതൽ 14.06.17 വരെ |
| | | ശ്രീ. ബിനു ജോസ് | 15.06.17 മുതൽ 31.03.18 വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | | |
| ഉദ്യോഗപ്പേര് | | പേര് | കാലയളവ് |
| അസി. സെക്രട്ടറി | | ശ്രീ. സുനിൽ കുമാർ | 01.04.17 മുതൽ 17.07.17 വരെ |
| | | ശ്രീ. ബാബു.ഓ | 06.11.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (പിഎച്ച് സി) | | ഡോ ബിജേഷ് ഭാസ്കരൻ | 01.04.17 മുതൽ 31.03.18 വരെ |
| മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | | ഡോ. ശിവപ്രസാദൻ. വി | 01.04.17 മുതൽ 31.03.18 വരെ |
| വെറ്ററിനറി സർജൻ | | ഡോ. സനീം വി | 01.04.17 മുതൽ 31.03.18 വരെ |
| കൃഷി ഓഫീസർ | | ശ്രീ. ദിലീപ് കുമാർ പി<br>ശ്രീമതി.ഷെൽജ.പി | 01.04.17 മുതൽ 28.07.17 വരെ<br>29.07.17 മുതൽ 31.03.18 വരെ |
| അസി എഞ്ചിനീയർ | | ശ്രീമതി.ഫൌസിയ.M.R<br>ശ്രീ.ലോറൻസ് എൻ | 01.04.17 മുതൽ 05.07.17 വരെ<br>06.07.17മുതൽ 31.03.18 വരെ |
| വി ഇ ഒ | | ശ്രീ. വിനോദ് ആർ എം | 01.04.17 മുതൽ 05.12.17 വരെ |
| | | ശ്രീ.മനോജ്.വി.കെ | 01.04.17 മുതൽ 05.12.17 വരെ |
| | | ശ്രീ.ബിനോയ് ബാലകൃഷ്ണൻ | 06.12.17മുതൽ 31.03.18 വരെ |
| | | ശ്രീ. മഞ്ജുഷ.ടി | 06.12.17മുതൽ 31.03.18 വരെ |
| ക്ഷീരവികസന ഓഫീസർ | | ശ്രീ. ശിവദാസൻ കെ | 01.04.17 മുതൽ 31.03.18 വരെ |
| ഐ. സി. ഡി. എസ്. സൂപ്പർവൈസർ | | ശ്രീമതി. മോളി | 01.04.17 മുതൽ 31.03.18 വരെ |
| ഹെഡ് മാസ്റ്റർ | | ശ്രീ. കുഞ്ഞമ്മത് വി പി | 01.04.17 മുതൽ 18.09.17 വരെ |
| | | ശ്രീ.സാം ഫിലിപ്പ് | 18.09.17 മുതൽ 31.03.18 വരെ |

അസി.സെക്രട്ടറിയുടെ പദ്ധതി നിർവ്വഹണ ചുമതല വിഇഓ ആയ ശ്രീ. വിനോദ്. ആർ.എം. ന് നൽകിയെങ്കിലും ആയതിന്റെ ഉത്തരവ് ലഭ്യമാക്കിയില്ല.

ഉള്ളടക്കം


| ക്രമ നമ്പർ | ഭാഗം-1<br>പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷികധനകാര്യപത്രിക | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം) | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമ പദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം-2<br>വരവ് കണക്കുളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 13 | കെട്ടിട നിർമ്മാണ അനുമതികൾ നല്കുന്നതിലെ അപാകത | 2-1 |
| 14 | പെർമിറ്റ് റഗുലറൈസ് ചെയ്യാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു | 2-2 |
| 15 | വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ- കുറവ് വന്ന തുക ഈടാക്കേണ്ടതാണ് | 2-3 |
| 16 | തൊഴിൽ നികുതി - അപാകതകൾ | 2-4 |
| 17 | വരുമാനത്തിന്റെ അക്കൗണ്ടിംഗ്- അപാകതകൾ | 2-5 |
| 18 | കാലഹരണപ്പെട്ടതോ പുനരുപയോഗം ചെയ്യപ്പെടാവുന്നതോ ആയ വസ്തുക്കളുടെ ലേലം - നടപടികളെടുത്തില്ല. | 2-6 |
| 19 | ഭാഗം-3<br>ചെലവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 20 | അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-1 |
| 21 | കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ | 3-2 |
| 22 | ആശ്രയ ചലഞ്ച് ഫണ്ട് - ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല | 3-3 |
| 23 | ഐ.കെ.എം. പത്രിക പ്രകാരം ചെലവ് കാണിച്ചു- രേഖകൾ ഹാജരാക്കിയില്ല | 3-4 |
| 24 | വാഹന വാടക – ഒരേ വാഹനത്തിന് ഒരേ സമയത്തേക്ക് രണ്ടു വാടക നൽകുന്നു. | 3-5 |
| 25 | ലൈസൻസ് ഇല്ലാത്തവർക്ക് മുച്ചക്ര സ്കൂട്ടർ നൽകി | 3-6 |
| 26 | ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല | 3-7 |
| 27 | പി.എം.എ.വൈ. വിഹിതം നൽകൽ - രശീതും പൂർത്തീകരണ വിവരവുമില്ലാത്തത് | 3-8 |
| 28 | പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം: അടിസ്ഥാനരേഖകൾ ഹാജരാക്കിയില്ല | 3-9 |
| 29 | വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ: ഇരട്ടിപ്പ് വരുന്നില്ലെന്ന് ഉറപ്പുവരുത്തുന്നില്ല | 3-10 |
| 30 | ഗുണഭോക്താക്കൾക്ക് തുക ലഭിച്ചെന്ന് ഉറപ്പുവരുത്തിയില്ല | 3-11 |
| 31 | എസ്.എസ്.എ:അപാകതകൾ | 3-12 |

| | | |
|---|---|---|
| 32 | അനുപൂരക പോഷകാഹാര പദ്ധതി:ന്യൂട്രിമിക്സിന്റെ പണം ഗ്രൂപ്പിന്റെ അക്കൗണ്ടിന് പകരം മറ്റൊരു അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു | 3-13 |
| | ഭാഗം-4<br>പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 33 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 34 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 35 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ | 4-3 |
| 36 | വായ്പ / വായ്പാതിരിച്ചടവ് | 4-4 |
| 37 | സ്ഥിര നിക്ഷേപം | 4-5 |
| 38 | ഓഡിറ്റ് റിക്കവറി | 4-6 |
| 39 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് | 4-7 |
| 40 | ചാർജ് /സർചാർജ് നടപടികളുടെ വിവരം | 4-8 |
| 41 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 42 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം | |


# ഭാഗം 1
## പൊതു അവലോകനം

## 1-1 ബജറ്റ്

ബജറ്റ് 28.3.18 ൽ 27.03.17 ലെ 34(2) തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ ബജറ്റ് അംഗീകരിച്ചതായി അറിയിച്ചുവെങ്കിലും സകർമ്മ പ്രകാരമുള്ള ഭരണ സമിതി മിനുട്സിൽ ആയത് രേഖപ്പെടുത്തിയിട്ടില്ല.

## 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 14.05.2018 |

## 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 27.06.2018, 28.06.2018 | കെഎസ്എ.കെകെഡി/ ഇ2/1111/2018(7) Dt.16.7.18 |

## 1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 22917557 |
| വരവ് | 61978732 |
| ആകെ | 84896289 |
| ചെലവ് | 74749802 |
| നീക്കിയിരിപ്പ് | 10146487 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 19212000 | 19212000 | 15807332 | 3404668 |

| | | | | | | |
|---|---|---|---|---|---|---|
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | | 6886056 | 6886056 | 4733174 | 2152882 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | | 163934 | 163934 | 89800 | 74134 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | | 6318000 | 6318000 | 4183081 | 2134919 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | | 4288867 | 4288867 | 3660634 | 628233 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | | 9022502 | 9022502 | 8840088 | 182414 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | | 1309018 | 1309018 | 1295968 | 13050 |
| സാക്ഷരത | | | | | | |
| ദുരിതാശ്വാസനിധി | | 3750 | 306 | | | 4056 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | തൊഴിലാളികളുടെ കൂലി | - | 67857124 | 67857124 | 67857124 | - |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 141706 | 1550422 | 1692128 | 1677469 | 14659 |
| MP fund | | 528333 | 2445 | 530778 | 500000 | 30778 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ബ്ലോക്ക്പഞ്ചായത്ത് | 53000 | 1157000 | 1210000 | 841901<br>53000<br>(തിരിച്ചടച്ച തുക) | 315099 |
| | ജില്ലാപഞ്ചായത്ത് | 13470 | 400000 | 413470 | 284511 | 128959 |
| | ട്രഷറി അക്കൗണ്ട് പ്രകാരം | 53000 | 1564287 | 1617287 | 1703975 | (-)-86688 |
| ബി ഫണ്ട് | | | 53281720 | 53281720 | 53281720 | |
| ജനറൽ പർപ്പസ് ഗ്രാന്റ് | | 562419 | 11028000 | 11590419 | 2264250 | 9326169 |
| തനത് ഫണ്ട് | ബാങ്ക് അക്കൗണ്ട് | 6897083<br>1795669 | 7758266<br>66886 | | 8127088 | 6528261<br>1862555 |
| | ട്രഷറി അക്കൗണ്ട് | 11258297 | 14149043 | 25407340 | 24094647 | 1312693 |
| മണൽ | | 1865118 | 106186 | 1971304 | 1763487 | 207817 |
| ബിൽ സിസ്റ്റം | | 5523 | 212 | 5735 | 0 | 5735 |
| SMGB Panthirikkara | | 95373 | 3863 | 99236 | 0 | 99236 |
| SSA | | 62551 | 3863 | 66414 | 1330 | 65084 |
| KWRS | | 58007 | 2231 | 66238 | 0 | 60238 |

സംയുക്ത പ്രോജക്ട് നടത്തിപ്പിൽ 2016-17 ലെ ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് 13470 രൂപയും തൻവർഷം ലഭിച്ച നാലു ലക്ഷം രൂപയിൽ 284511 രൂപ ചെലവു കഴിച്ച് 115489 രൂപയുമടക്കം ആകെ 128959 രൂപയാണ് ബി4 പത്രികയിൽ നീക്കിയിരിപ്പായി കാണിക്കേണ്ടതെങ്കിലും 13470 രൂപ എന്നാണ് കാണിച്ചത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 53000 രൂപ 2016-17 ൽ നീക്കിയിരിപ്പുണ്ടായിരുന്നത് തൻവർഷം തിരിച്ചടച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ 2016-17 ലെ ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് 13470 രൂപ മുന്നിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല.

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 162 | 72698325 | 90 | 45666877 | 20 | 52 | 55.56% |

72698325 രൂപ വകയിരുത്തി 162 പ്രൊജക്ടുകൾക്ക് അംഗീകാരം വാങ്ങിയതിൽ 110 പ്രൊജക്ടുകളാണ് നടപ്പാക്കിയത് ഇതിനായി ഗുണഭോക്തൃവിഹിതമടക്കം 45666877 രൂപ ചെലവഴിച്ചു. ഇതിൽ തന്നെ 20 പ്രൊജക്ടുകൾക്ക് തുക ഭാഗികമായി മാത്രമാണ് ചെലവഴിച്ചത്. ആകെ വകയിരുത്തിയ തുകയുടെ 62.81% തുക മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. ശേഷിക്കുന്ന തുക കൃത്യമായ ആസൂത്രണത്തിന്റെയും മോണിട്ടറിംഗിന്റെയും അഭാവത്തിൽ നഷ്ടപ്പെട്ടിരിക്കുകയാണ്. പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്ക് ലഭ്യമായ തുക, വിനിയോഗിക്കുന്നതിനുള്ള സംവിധാനം ഉണ്ടായിട്ടും നഷ്ടപ്പെടാൻ കാരണമായത് കാര്യക്ഷമമവും സമയബന്ധിതവുമായ പദ്ധതി പ്രവർത്തനങ്ങളുടെ അഭാവത്താലാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. ഇക്കാര്യം പരിശോധിക്കപ്പെടേണ്ടതും വീഴ്ചകൾ ഭാവിയിൽ ഒഴിവാക്കാൻ ആവശ്യമായ ക്രമീകരണങ്ങൾ വരുത്തേണ്ടതുമാണ്.

പദ്ധതി നടത്തിപ്പ് സുഗമമാക്കുന്നതിനു വേണ്ടി അസി. സെക്രട്ടറിയുടെ പദ്ധതി നടത്തിപ്പു ചുമതല വി.ഇ.ഒ.യ്ക്ക് കൈമാറിയെങ്കിലും 715000 രൂപയോളം പിൻവലിച്ച വി.ഇ.ഒ. സ്ഥലം മാറിപോയപ്പോൾ ചെലവു രേഖകൾ കൃത്യമായി കൈമാറിയിട്ടില്ല എന്നാണ് ഓഡിറ്റിന് വിശദീകരിച്ചത്. നിർവ്വഹണ ഉദ്യോഗസ്ഥൻ പിൻവലിച്ച പണം കൃത്യമായി ചെലവഴിച്ചോ എന്നത് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റിയും വർക്കിംഗ് ഗ്രൂപ്പും മോണിറ്റർ ചെയ്തിട്ടില്ല. നിർവ്വഹണ ഉദ്യോഗസ്ഥന്റെ കൃത്യ വിലോപത്തിനെതിരെ സ്വീകരിച്ച നടപടികൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 141706 | 1550422 | 1692128 | 1677469 | 14659 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | | 67857124 | 67857124 | 67857124 | |
| | 141706 | 69407546 | 69549252 | 69534563 | 14689 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 103320 | 238 |
| കർഷകതൊഴിലാളി പെൻഷൻ | 13508200 | 4568 |
| വിധവാപെൻഷൻ | 13325800 | 4351 |
| വാർദ്ധക്യകാലപെൻഷൻ | 21571000 | 6269 |
| വികലാംഗപെൻഷൻ | 4105400 | 1363 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം | 310000 | 11 |

| | | |
|---|---|---|
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 303000(*) | 96 |

(*) വാർഷിക കണക്കിൽ ഇത് 220500 എന്നാണ് രേഖപ്പെടുത്തിയത്.

## 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 05.02.2019 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. 13599/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തരനിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കണ്ടു.

(1)ചെക്കുകൾ നല്കിക്കഴിഞ്ഞാൽ ആയത് പണമാക്കുന്നത് വരെ നിരീക്ഷിക്കുകയോ നിശ്ചിത കാലാവധിക്കു ശേഷം സ്റ്റേൽ ചെക്ക് വിഭാഗത്തിൽപ്പെടുത്തുകയോ ചെയ്യുന്നില്ല.

(2)ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും വരുന്ന ചെക്കുകൾ ഏത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യുന്നു എന്നോ എന്ന് പണമാക്കുന്നു എന്നോ രേഖപ്പെടുത്തുന്നില്ല.

(3)പ്രോക്യൂർമെന്റ് ചട്ടങ്ങൾ പൂർണ്ണമായി പാലിക്കുന്നില്ല. ഒരു വർഷത്തെ ആവശ്യങ്ങൾ മുൻകൂട്ടി നിർണയിച്ച് പ്രോക്യൂർമെന്റ് പ്ലാൻ പ്രോക്യൂർമെന്റ് ബഡ്ജറ്റ് എന്നിവ ഉണ്ടാക്കിയിട്ടില്ല. വ്യത്യസ്ത നിർവ്വഹണ ഉദ്യോഗസ്ഥർ വ്യത്യസ്ത വാങ്ങൽ രീതികൾ അവലംബിക്കുന്ന രീതിയാണുള്ളത്. വാങ്ങലുകളൊന്നും തന്നെ പ്രോക്യൂർമെന്റ് കമ്മറ്റി വിലയിരുത്തുകയോ നിർദ്ദേശങ്ങൾ നല്കുകയോ ചെയ്യുന്നില്ല.

(4)സ്റ്റോക്ക് രജിസ്റ്ററിൽ വാങ്ങുന്ന ഇനങ്ങൾ ഇനം തിരിച്ച് രേഖപ്പെടുത്തി വീണ്ടും അതേയിനം വാങ്ങുമ്പോൾ കൂട്ടിച്ചേർത്ത് കൃത്യമായി എണ്ണം രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല. ഫർണിച്ചറുകൾ കമ്പ്യൂട്ടറുകൾ പോലുള്ള ആസ്തികൾ വാർഷിക കണക്കെടുപ്പ് നടത്താത്തിനാൽ നിലവിലുള്ള ആസ്തി വിവരം ലഭ്യമല്ല.

(5)നിഷ്ക്രിയമായതും പഴകി ഉപയോഗശൂന്യമായതുമായി ആസ്തികൾ കണ്ടെത്തി ആയവ യഥാവിധി ഡിസ്പോസ് ചെയ്യുന്നതിന് നടപടികളെടുത്തിട്ടില്ല. ആസ്തികൾ നഷ്ടപ്പെടാതിരിക്കാൻ സ്വീകരിച്ച നടപടികളോ സ്റ്റാന്റിംഗ് കമ്മറ്റികളിൽ ആയത് ചർച്ച ചെയ്തതായോ രേഖകളില്ല. കുടിവെള്ള പദ്ധതികളുടെ മോട്ടോറുകൾ മാറ്റി സ്ഥാപിക്കുമ്പോൾ പഴയവ സ്ക്രാപ്പായി ലേലം ചെയ്യുന്നതിന് നടപടികളില്ല.

(6) ആസ്തികൾക്ക് (ഫർണ്ണീച്ചർ, കമ്പ്യൂട്ടർ etc.) നമ്പർ രേഖപ്പെടുത്തിയിട്ടില്ല.

(7) പൗരാവകാശ രേഖ പുതുക്കിയിട്ടില്ല.

(8) കൃത്യമായ ഓഫീസ് ഓർഡർ തയ്യാറാക്കിയിട്ടില്ല. ജീവനക്കാരുടെ ചുമതലകളും അവരുടെ മേൽനോട്ട ചുമതലയും കൃത്യമായി രേഖപ്പെടുത്തിയ ഓഫീസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല. ആയതിനു പകരം ഓരോ ജീവനക്കാരനും സ്ഥലം മാറിപോകുമ്പോൾ മേൽ സെക്ഷന്റെ ചുമതല നൽകാനുള്ള ഉത്തരവുകൾ മാത്രമാണുള്ളത്. ഒഴിവു വന്ന അസി. സെക്രട്ടറി നടപ്പിലാക്കേണ്ട പ്രോജക്ടുകൾ വി.ഇ.ഒ.യ്ക്ക് കൈമാറാൻ ഭരണ സമിതി തീരുമാനമെടുത്തെങ്കിലും കൃത്യമായ ഓഫീസ് ഉത്തരവു വഴി പ്രോജക്ട് നടപ്പിലാക്കുന്നതിനും പണം പിൻവലിക്കുന്നതിനുമുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നൽകിയിട്ടില്ല.

(9) നികുതികൾ, നികുതിയേതിര വരുമാനങ്ങൾ എന്നിവ ഡിമാന്റ് ചെയ്യുന്നതിൽ നിശ്ചിതമായ ഒരു നടപടിക്രമം സ്ഥാപനം പാലിക്കുന്നില്ല. ഇതുമൂലം വരുമാനം നഷ്ടം സംഭവിക്കുന്നുണ്ട്.

((10) നിക്ഷേപ പ്രവൃത്തികൾക്ക് പണം നൽകുന്നുണ്ടെങ്കിലും പ്രവൃത്തി പുരോഗതി നിരീക്ഷിക്കുന്നില്ല.

(11) വൗച്ചറുകൾ ഫയൽ ചെയ്ത് കൃത്യമായി സൂക്ഷിക്കുന്നുണ്ടെങ്കിലും പല വൗച്ചറുകളുടെയും കൂടെ സബ് വൗച്ചറുകൾ കാഷ് ബില്ലുകൾ രശീതികൾ എന്നിവ സൂക്ഷിക്കുന്നില്ല.

(12) മുൻകൂർ തുകകൾ (പ്രത്യേകിച്ച് യാത്രാബത്ത മുൻകൂർ) കൃത്യസമയത്ത് ക്രമീകരിക്കാൻ നടപടികൾ സ്വീകരിക്കുകയോ ആയത് കൃത്യമായി നിരീക്ഷിക്കുകയോ ചെയ്യുന്നില്ല.

(13) അസാധാരണ ചെലവുകൾ കൃത്യമായി നിരീക്ഷിക്കുന്നില്ല. അസാധാരണ ചെലവുകൾ മറ്റു ഭരണ ചെലവുകൾ എന്ന പേരിലാണ് അക്കൗണ്ട് ചെയ്യുന്നത്.

(14) സി ഡി എസ് നടപ്പിലാക്കുന്ന ആശ്രയ പദ്ധതിയുടെ വരവു ചെലവുകൾക്ക് കൃത്യതയില്ല.

(15) ഇടപാടുകൾ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നില്ല.

മേൽക്കാര്യങ്ങൾ പരിശോധിച്ച് പരിഹാര നടപടികൾ സ്വീകരിച്ച വിവരം അറിയിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 18.01.2019, 19.01.2019 | 1.12.2018 മുതൽ 31.12.2018 വരെ | ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 12.02.2014 | 2008-09 മുതൽ 2012-13 വരെ | LBA(HQ)VI/8A-2075/14 Dt.11.03.2014 |

## 1-12 വാർഷികകണക്കുകളിലെ അപാകതകൾ

ഖണ്ഡിക 1-3 ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ ഇനത്തിൽ സാമ്പത്തികവർഷം ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരം വരവ്-ചെലവ് 220500/- രൂപയാണ്. എന്നാൽ സ്ഥാപനത്തിൽ നിന്നും ലഭ്യമായ രേഖകൾ പ്രകാരം തൻവർഷത്തെ വരവ് ചെലവ് 303000/- രൂപയാണ്.
2. പഞ്ചായത്ത് പണ്ട് കണക്കാക്കിയതിൽ ഷെഡ്യൂൾ ബി1- വെർട്ടിക്കൽ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതിൽ prior period item ആയ 38175/- രൂപ തൻവർഷത്തെ ചെലവിൽ ഉൾപ്പെടുത്തേണ്ടതിന് പകരം ആയത് കുറവ് ചെയ്ത തുകയാണ് Excess of Income over expenditure കണക്കാക്കുമ്പോൾ ഉൾപ്പെടുത്തിയിരിക്കുന്നത്.
3. മിസലേനിയസ് ഡിമാന്റ് രജിസ്റ്റർ എന്നിവ സ്ഥാപനത്തിൽ സൂക്ഷിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.
4. ബാങ്ക് റികൺസിലിയേഷൻ പത്രികകൾ പ്രതിമാസം തയ്യാറാക്കി ഹാജരാക്കിയിട്ടില്ല. എല്ലാ അക്കൗണ്ടുകളുടെയും മാർച്ച് മാസത്തെ റീകൺസിലിയേഷൻ പത്രികകൾ മാത്രമേ ഹാജരാക്കിയിട്ടുള്ളൂ.
5.പഞ്ചായത്ത് നൽകിയിട്ടുള്ളതും 3 മാസത്തിലധികമായി ക്യാഷ് ചെയ്യാത്തതുമായ ചെക്കുകളെ Liability in respect of stale cheque എന്ന ശീർഷകത്തിലേയ്ക്ക് മാറ്റിയിട്ടില്ല. ഇത്തരത്തിൽ 7 ചെക്കുകളിലായി 13265/- രൂപ പ്രസ്തുത ശീർഷകത്തിലേയ്ക്ക് മാറ്റാൻ അവശേഷിക്കുന്നു.
6.ചെലവഴിക്കാതെ അവശേഷിക്കുന്ന ഗ്രാന്റ് തുകകൾക്ക് (തനത് ഫണ്ടിനോടൊപ്പം നിക്ഷേപിച്ചിട്ടുള്ളതിന്) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത, വാർഷികധനകാര്യ പത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ-

1. സംയുക്ത പ്രോജക്ട് നടത്തിപ്പിൽ 2016-17ലെ ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് 13470 രൂപയും തൻവർഷം നീക്കിയിരിപ്പായി ലഭിച്ച 4 ലക്ഷം രൂപയിൽ 284511 രൂപ ചെലവു കഴിച്ച് 115489 രൂപയുമടക്കം ആകെ 128959 രൂപയാണ് ബി4 പത്രികയിൽ കാണിക്കേണ്ടതെങ്കിലും 13470 രൂപ എന്നാണ് കാണിച്ചത്. ബ്ലോക്ക് പഞ്ചായത്ത് വിഹിതം 53000 രൂപ 2016-17 ൽ നീക്കിയിരിപ്പുണ്ടായിരുന്നത് തൻവർഷം തിരിച്ചടച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടുകൾക്കായുള്ള ട്രഷറി അക്കൗണ്ടിൽ 2016-17 ലെ ജില്ലാ പഞ്ചായത്ത് വിഹിതം നീക്കിയിരിപ്പ് 13470 രൂപ ഉൾപ്പെടുത്താഞ്ഞതിനാൽ ആകെ തുകയിൽ വ്യത്യാസം വന്നു.
2. അസാധാരണ ചെലവുകൾ പ്രത്യേകമായി വാർഷിക കണക്കിൽ ഉൾപ്പെടുത്തുന്നില്ല. മറ്റു ഭരണ ചെലവുകൾ എന്ന പേരിലാണ് ബുക്ക് ചെയ്യുന്നത്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 കെട്ടിട നിർമ്മാണ അനുമതികൾ നല്കുന്നതിലെ അപാകത

I. 2017-18 വർഷത്തിൽ ഗ്രാമപഞ്ചായത്തിൽ നിന്നും നല്കിയ താഴെപ്പറയുന്ന ഭൂമി വികസന അനുമതി (land development permit) യിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു.

| | |
|---|---|
| വികസന അനുമതി നമ്പർ | A1 – 1695/17 തിയ്യതി 10.5.17 |
| അപേക്ഷകൻ | ഫാദർ.ആന്റണി ചെന്നിക്കര,<br>വികാരി, ഹോളി ഫാമിലി ചർച്ച്, പടത്തും കടവ്, ചങ്ങരോത്ത്. |
| വികസനം നടത്താൻ അനുമതി നല്കിയ പ്ലോട്ട് വിസ്തീർണം | 2.4281 ഹെക്ടർ |
| പ്ലോട്ടിന്റെ വിശദാംശങ്ങൾ | റീ സർവ്വേ നമ്പർ 2/1A1 ,<br>ചങ്ങരോത്ത് വില്ലേജ് |
| പെർമിറ്റ് ഒപ്പിട്ട് നല്കിയത് | സെക്രട്ടറി, ചങ്ങരോത്ത് ഗ്രാമ പഞ്ചായത്ത് |
| ഈടാക്കിയ ഡെവലപ്മെന്റ് പെർമിറ്റ് ഫീസ് | 1520 രൂ |
| രശീത് നമ്പർ | 117040100559 തിയ്യതി 11.5.17 |
| പ്ലോട്ടിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിത്തിന്റെ പ്ലിന്ത് വിസ്തീർണം | 1347.72 എം2<br>(തറനിലയടക്കം 3 നിലയുള്ള സ്കൂൾ കെട്ടിടം)<br>കെട്ടിട നിർമ്മാണ അനുമതി ലഭിച്ചതായി കാണുന്നില്ല. |

സമർപ്പിച്ച അപേക്ഷയിൽ വികസനം നടത്താൻ ഉദ്ദേശിക്കുന്ന വിസ്തീർണം എത്രയാണെന്ന് കൃത്യമായി പറഞ്ഞിട്ടില്ല. എന്നാൽ സമർപ്പിച്ച പ്ലാനിൽ 1550 എം3 മണ്ണ് വെട്ടിമാറ്റുന്നതായി കാണിച്ചിട്ടുണ്ട് . പഞ്ചായത്ത് അസി. എഞ്ചിനീയർ നല്കിയ റിപ്പോർട്ട് പ്രകാരം 15 സെന്റ് സ്ഥലത്ത് വികസനം നടത്തുന്നതായും ആനുപാതികമായി 1520 രൂ പെർമിറ്റ് ഫീ ആയി ഈടാക്കാമെന്നും ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ നല്കിയ പെർമിറ്റ് പ്രകാരം 2.4281 ഹെക്ടർ ഭൂമി വികസിപ്പിക്കുന്നതിനുള്ള അനുമതിയാണ് നല്കിയത്. അതായത് 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 11(3) ഷെഡ്യൂൾ II പ്രകാരം കാറ്റഗറി 2 ൽ പെട്ട പഞ്ചായത്തുകളിൽ ലാൻഡ് ഡെവലപ്പ്മെന്റിന് 250 രൂ / Are എന്ന നിരക്കിൽ 60703 രൂ പെർമിറ്റ് ഫീസ് ഈടാക്കി പെർമിറ്റ് നല്കുന്നതിന് പകരം 1520 രൂ മാത്രമാണ് ഈടാക്കിയത്. അപാകത വിശദീകരിക്കേണ്ടതാണ്.

II. <u>*ബിൽഡിങ് ആപ്ലിക്കേഷൻ രജിസ്റ്റർ പൂർണ്ണമായി എഴുതി സൂക്ഷിക്കുന്നില്ല.*</u>

2017-18 വർഷത്തിൽ building application register (B.A.R) എഴുതി സൂക്ഷിച്ചിട്ടുണ്ടെങ്കിലും പല സംഗതികളിലും മുഴുവൻ വിവരങ്ങളും രേഖപ്പെടുത്തുന്നില്ല എന്നു കാണുന്നു. ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു. (ഇതിലൊന്നും തന്നെ കെട്ടിടത്തിന്റെ തരം, ഫ്ലോർ വിസ്തീർണം എന്നിവ എഴുതി ചേർത്തിട്ടില്ല). വിശദീകരണം നൽകേണ്ടതാണ്.

| ക്രമ നമ്പർ | B.A.R Vol No | അപേക്ഷകൻ | അപേക്ഷയുടെ തപാൽ നമ്പർ | റിമാർക്സ് |
|---|---|---|---|---|
| 1. | II | മോഹനൻ പീടികക്കണ്ടി | 4406/17<br>17.8.17 | |
| 2. | | ജയരാജ് തരിപ്പിലോട്ട് | 4409 തിയ്യതി<br>17.8.17 | |
| 3. | | സുനിൽ മീത്തലെചാലിൽ | A1 / 4610 തിയ്യതി<br>29.8.17 | |
| 4. | | ശശി , വിനീത | A1 / 4655 തിയ്യതി<br>31.8.17 | രജിസ്റ്ററിലെ ആദ്യ 4 കോളം മാത്രമേ എഴുതിയിട്ടുള്ളൂ. |
| 5. | | മോഹനൻ,<br>പുത്തൻ പുരയിൽ | 4662 തിയ്യതി<br>31.8.17 | |
| 6. | | സുധ. ഇ.വി | 4973 തിയ്യതി<br>28.9.17 | |

| | | | | |
|---|---|---|---|---|
| 7. | | സലാം | 5146 തിയ്യതി 5.10.17 | |
| 8. | | ജയിംസ് കുട്ടി ഒറ്റക്കണ്ടം | 5266 തിയ്യതി 10.10.17 | രജിസ്റ്ററിലെ ആദ്യ 4 കോളം മാത്രമേ എഴുതിയിട്ടുള്ളൂ. |

III . 2011 ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ , ചട്ടം 137(3), അപ്പൻഡിക്സ് J പ്രകാരമുള്ള register for regularised constructions പഞ്ചായത്തിൽ എഴുതി സൂക്ഷിച്ചിട്ടില്ല.

മേൽ അപാകതകൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-2 പെർമിറ്റ് റഗുലറൈസ് ചെയ്യാതെ കെട്ടിടത്തിന് നമ്പർ അനുവദിച്ചു

12 ാം വാർഡിൽ ശ്രീ. മുഹമ്മദ്, ശ്രീ.അബ്ദുൾ നാസർ എന്നിവരുടെ ഉടമസ്ഥതയിൽ ഉള്ള കെട്ടിടത്തിന് BL No.12/15-16 തിയ്യതി 19.11.15 പ്രകാരം പെർമിറ്റ് നൽകിയതിൽ ആകെ പ്ലിന്ത് വിസ്തീർണ്ണം 405.96 m2 ഉം ഇതിൽ ഗ്രൗണ്ട് ഫ്ലോറിന്റെത് 174.42 m2 ഉം ആണ്. ഓവർസിയറുടെ സൈറ്റ് പരിശോധന റിപ്പോർട്ടിൽ പണി പൂർത്തീകരിച്ച ഗ്രൗണ്ട് ഫ്ലോറിന്റെ പ്ലിന്ത് വിസ്തീർണ്ണം 209.72 ആണെന്നും നമ്പർ നല്കാവുന്നതാണെന്നും രേഖപ്പെടുത്തിയിട്ടുണ്ട്. പണി പൂർത്തിയാക്കിയ കെട്ടിട ഭാഗത്തിന് നമ്പർ നല്കാവുന്നതാണെന്ന 23.6.17 ലെ നിർദ്ദേശത്തെതുടർന്ന് വാർഡ് ക്ലർക്ക് പരിശോധന നടത്തുകയും സെല്ലാർ നിർമ്മാണം നടത്തുന്നതായി കാണുന്നു എന്ന് റിപ്പോർട്ട് ചെയ്യുകയും നിർമ്മാണം അനധികൃതമാണെന്നും റഗുലറൈസ് പ്ലാൻ സമർപ്പിക്കാവുന്നതാണെന്നും അഭിപ്രായപ്പെട്ടതിനാൽ എ.ഇ യോട് പരിശോധിച്ച് റിപ്പോർട്ട് ചെയ്യാൻ 6.7.17ന് നിർദ്ദേശം നൽകി. ഓവർസിയറുടെ തുടർന്നുള്ള റിപ്പോർട്ടിൽ സൈറ്റ് പരിശോധനയിൽ സെല്ലാറിന്റെ പണി പൂർത്തിയായില്ല എന്നും ഗ്രൗണ്ട് ഫ്ലോർ മാത്രമേ പൂർത്തിയായിട്ടുള്ളൂ എന്നും ഗ്രൗണ്ട് ഫ്ലോറിന് നമ്പർ അനുവദിക്കാവുന്നതാണ് എന്നുമാണ്. എ.ഇ / ഓവർസിയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പൂർത്തിയാക്കിയ ഭാഗത്തിന് നമ്പർ അനുവദിക്കാൻ 09.08.17ന് നിർദ്ദേശം നൽകുകയും കെട്ടിടത്തിന് 12/14A, 12/14B, 12/14C, 12/14D, 12/14E, 12/14F, 12/14G, 12/14H, 12/14J, 12/14K എന്നിങ്ങനെ നമ്പർ നൽകുകയും ചെയ്തു.

എന്നാൽ അനുവദിച്ച പെർമിറ്റിൽ നിന്നും അധികരിച്ച അളവിലുള്ള ഗ്രൗണ്ട് ഫ്ലോർ നിർമ്മാണം റഗുലറൈസ് ചെയ്യാതെ കെട്ടിടത്തിന് നമ്പർ നൽകി വസ്തു നികുതി നിർണ്ണയിച്ചത് ശരിയായ നടപടിയല്ല.

## 2-3 വസ്തു നികുതി നിർണ്ണയത്തിലെ അപാകതകൾ- കുറവ് വന്ന തുക ഈടാക്കേണ്ടതാണ്

ചങ്ങരോത്ത് ഗ്രാമ പഞ്ചായത്ത് 2017-18 വർഷം പുതുതായി നമ്പർ അനുവദിച്ച കെട്ടിടങ്ങളിൽ വാണിജ്യ കെട്ടിടങ്ങളുടെ നികുതി നിർണ്ണയ ഫയലുകളുടെ പരിശോധനയിൽ വസ്തു നികുതി കണക്കാക്കിയതിൽ കണ്ട അപാകതകൾ ചുവടെ കൊടുക്കുന്നു.

1) കെട്ടിടങ്ങൾക്ക് കുറഞ്ഞ നിരക്കിൽ നികുതി നിർണ്ണയിച്ചു

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തു നികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗ ക്രമങ്ങൾക്ക് ഉപയോഗപ്പെടുത്തുന്നുവെങ്കിൽ അതത് കെട്ടിട ഭാഗങ്ങളെ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി കെട്ടിട നമ്പർ നൽകേണ്ടതും ഓരോ കെട്ടിടത്തിനും ഈ ചട്ടങ്ങൾ പ്രകാരം വസ്തു നികുതി ചുമത്തേണ്ടതുമാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ ചട്ടം 4(1) ൽ പരാമർശിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്കല്ലാതെ ഒരൊറ്റ ഉപയോഗക്രമത്തിലുള്ളതും ഒരാളുടെ മാത്രം ഉടമസ്ഥതയിലുള്ളതുമായ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളിലെ വിവിധ റൂമുകൾക്ക് വ്യത്യസ്ത നമ്പർ നല്കി വെവ്വേറെ കെട്ടിടങ്ങളായി കണക്കാക്കിയാണ് ഗ്രാമപഞ്ചായത്ത് നികുതി നിർണയിക്കുന്നത്. ഇതു കാരണം ബഹുനില കെട്ടിടങ്ങളിൽ നിന്നു പോലും 100 ചതുരശ്രമീറ്റർ വരെ തറവിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്കിലേ നികുതി പിരിക്കാൻ സാധിക്കുന്നുള്ളൂ.

100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടങ്ങളിലെ മുറികൾ വിഭജിച്ച് പ്രത്യേകം നമ്പർ നല്കുമ്പോൾ പഞ്ചായത്ത് അംഗീകരിച്ച അടിസ്ഥാന വസ്തു നികുതി നിരക്കായ 50/- രൂപയ്ക്ക് പകരം 100 ച. മീ ന് താഴെയുള്ള വാണിജ്യ കെട്ടിടങ്ങൾക്ക് നൽകുന്ന കുറഞ്ഞ നിരക്കായ 30/- രൂപ കണക്കാക്കി നികുതി നിർണ്ണയിക്കുന്നു.

ഉദാ :

| കെട്ടിട നം. | കെട്ടിട ഉടമ | നികുതി കണക്കാക്കിയ സൂചകങ്ങൾ | യഥാർത്ഥ സൂചകങ്ങൾ<br>യഥാർത്ഥ നികുതി | കുറവ് വന്ന നികുതി + ഗ്രന്ഥശാലാ വരി |
|---|---|---|---|---|
| 1/467 B | എ.പി.ജമാൽ, അബ്ദുൾ സമദ് | വിസ്തൃതി -77.13<br>നിരക്ക് -30 | വിസ്തൃതി -77.13<br>നിരക്ക് -50 | 1943 |

| | | | | |
|---|---|---|---|---|
| | | വഴി 20%വർദ്ധന -462.78<br>നികുതി -2777<br>സെസ്സ് -139<br>ആകെ നികുതി-2916 | വഴി<br>20%വർദ്ധന-771.3<br>നികുതി -4628<br>സെസ്സ് -231<br>ആകെ നികുതി-4859 | |

ഇതോടനുബന്ധിച്ചുള്ള 1/467 C, 1/467 D എന്നീ മുറികൾ ഓരോന്നും 100 ച.മീ. ന് മുകളിൽ ആകയാൽ 1/467 A യും 100 ച.മീ. ന് മുകളിലുള്ള കെട്ടിടത്തിന്റെ നിരക്കിൽ നികുതി നിർണ്ണയിക്കേണ്ടതാണ്. എന്നാൽ 1/467 A യ്ക്ക് 100 ച.മീ. വരെയുള്ള കെട്ടിടത്തിനുള്ള നിരക്കിലാണ് നികുതി നിർണ്ണയിച്ചത്.

2)സഞ്ചയയിൽ വിവരങ്ങൾ നൽകുന്നതിലെ അപാകത മൂലം വസ്തു നികുതി കുറവ് വരുന്നു

കെട്ടിടത്തിന്റെ നികുതി കണക്കാക്കാനായി സഞ്ചയയിൽ വിവരങ്ങൾ നല്കുമ്പോൾ 100 ച.മീ ന് മുകളിലുള്ള വാണിജ്യ കെട്ടിടം എന്നതിന് പകരം 100 ച.മീ. വരെ യുള്ള വാണിജ്യ കെട്ടിടം എന്ന് തെറ്റായി വിവരം നല്കുക വഴി വസ്തു നികുതിയിൽ കുറവ് വരാനിടയായി.

ഉദാ :

| കെട്ടിട നം. | കെട്ടിട ഉടമ | നികുതി കണക്കാക്കിയ സൂചകങ്ങൾ | യഥാർത്ഥ സൂചകങ്ങൾ<br>യഥാർത്ഥ നികുതി | കുറവ് വന്ന നികുതി + ഗ്രന്ഥശാലാ വരി |
|---|---|---|---|---|
| 1/712 B | നജീബ് | വിസ്തൃതി -551.44<br>നിരക്ക് -30<br>വഴി 20%വർദ്ധന -3308.64<br>ബഹുനില വാണിജ്യ ഇളവ്-992.599 (5%)<br>നികുതി -18860<br>സെസ്സ് -943<br>ആകെ നികുതി-19803 | വിസ്തൃതി -551.44<br>നിരക്ക് -50<br>വഴി 20%വർദ്ധന -5514.4<br>ബഹുനില വാണിജ്യ ഇളവ്-1654.32 (5%)<br>നികുതി -31432.08<br>സെസ്സ് -1571.6<br>ആകെ നികുതി-33004 | 13201 |

ഇത്തരത്തിൽ നികുതി തെറ്റായി കണക്കാക്കിയത് മൂലം പഞ്ചായത്തിന് 2017-18 വർഷവും തുടർന്നുള്ള വർഷങ്ങളിലും വരുമാനത്തിൽ കുറവ് വരാനിടയായിട്ടുണ്ട്. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16 /2017-18 തീയതി 13.2.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരം കെട്ടിടങ്ങളുടെ നികുതി കണക്കാക്കിയത് പുന:പരിശോധിക്കേണ്ടതും കുറവ് വന്ന തുക 13201/- രൂപ ഈടാക്കിയും ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## **2-4** തൊഴിൽ നികുതി - അപാകതകൾ

2017-18 ൽ പഞ്ചായത്തിന്റെ തൊഴിൽ നികുതി വരവ് സംബന്ധിച്ച രേഖകൾ (ഡിമാന്റ് രജിസ്റ്റർ, റിട്ടേണുകൾ) പരിശോധിച്ചതിൽ കണ്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിലെ അപാകത

ഡിമാന്റ് രജിസ്റ്ററിൽ കച്ചവടക്കാരിൽ നിന്ന് തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ അപൂർണ്ണമായാണ് രേഖപ്പെടുത്തിയത്. കച്ചവടക്കാരന്റെ പേരും ഈടാക്കിയ തുകയും മാത്രമാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥാപനം, അർദ്ധവാർഷിക വരുമാനം തുടങ്ങിയ വിവരങ്ങൾ രേഖപ്പെടുത്തിയില്ല. ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല .

2) തൊഴിൽ നികുതി- പൂർണ്ണമായും ഈടാക്കിയില്ല.

1) മുഴുവൻ സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്തില്ല

പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളിലെ ഉടമസ്ഥർക്ക് പ്രസ്തുത സ്ഥാപനത്തിലെ ജീവനക്കാരുടെ വേതനം രേഖപ്പെടുത്തിയുള്ള തൊഴിൽ നികുതി റിട്ടേൺ സമർപ്പിക്കാൻ ആവശ്യപ്പെട്ടുകൊണ്ടുള്ള ഡിമാന്റ് നോട്ടീസ് നൽകിയതായി കാണുന്നില്ല.

ഉദാ:- കള്ള് ഷാപ്പ്

2. അൺഎയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കിയതായി കാണുന്നില്ല

ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന അൺ എയിഡഡ് സ്ഥാപനത്തിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഡിമാന്റ് ചെയ്യുന്നതിനായി ജീവനക്കാരുടെ അർദ്ധവാർഷിക വരുമാനം കാണിക്കുന്ന പത്രിക ഗ്രാമ പഞ്ചായത്ത് ആവശ്യപ്പെട്ടിട്ടില്ല.

ഉദാ : ഐഡിയൽ കോളേജ് ഓഫ് ആർട്ട്സ് & സയൻസ്

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് നിയമപരമായി ലഭിക്കേണ്ട മുഴുവൻ നികുതികളും ഫീസുകളും ചോർച്ച കൂടാതെ പിരിച്ചെടുക്കുന്നു എന്നുറപ്പു വരുത്തേണ്ട ഉത്തരവാദിത്തം ഗ്രാമ പഞ്ചായത്തിനും ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി മേൽ വിഷയത്തിൽ ആവശ്യമായ നിർദ്ദേശങ്ങൾ ഉദ്യോഗസ്ഥർക്ക് നൽകി കാണുന്നില്ല. മേൽ അപാകതയ്ക്ക് വിശദീകരണം നൽകാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 15 /2017-18 തീയതി 13.02.2019 ന് മറുപടി ലഭ്യമാക്കിയിട്ടില്ല. നികുതി പിരിവ് വർദ്ധിപ്പിക്കുന്നതിന് ബജറ്റ് ചർച്ചകളിൽ ഇക്കാര്യം ഉൾപ്പെടുത്തേണ്ടത് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ചുമതലയാണ്. തൊഴിൽ നികുതി ഇനത്തിലെ വരുമാന ചോർച്ച തടയുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്

## 2-5 വരുമാനത്തിന്റെ അക്കൗണ്ടിംഗ്- അപാകതകൾ

1. വരവ് തുക യഥാസമയം അടവാക്കുന്നില്ല

2011 ലെ കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ ചട്ടം 23 പ്രകാരം ക്യാഷ്, മണിയോർഡർ, ചെക്ക്, ഡ്രാഫ്റ്റ് അല്ലെങ്കിൽ മറ്റേതെങ്കിലും രൂപത്തിൽ ലഭിക്കുന്ന തുകകൾ 500 രൂപയിൽ അധികരിക്കുകയാണെങ്കിൽ അതാത് ദിവസമോ, തൊട്ടടുത്ത പ്രവൃത്തി ദിവസമോ ബന്ധപ്പെട്ട ബാങ്ക്/ ട്രഷറി അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിലെ വരവ് ലഭിച്ച തുകകളുടെ അടവ് വിവരം പരിശോധിച്ചതിൽ ഡേ ബുക്ക് പ്രകാരം 12.7.17 ലെ വരവ് തുക 15.07.17 നും 13.07.17 ലെ വരവ് തുക 14.07.17 നുമാണ് അടവാക്കിയത്. രണ്ട് പ്രവർത്തിദിനങ്ങൾ കഴിഞ്ഞാണ് 12.07.17 ലെ തുക അടവാക്കിയത്. ഇത് ശരിയായ നടപടി അല്ല. വരവ്, ഒടുക്ക് എന്നിവയിൽ സൂപ്പർവൈസറി തലത്തിലുള്ള ഉദ്യോഗസ്ഥർ ആവശ്യമായ പരിശോധന നടത്തുന്നുണ്ടെന്ന് ഭരണസമിതി ഉറപ്പ് വരുത്തേണ്ടതാണ്.

2. കളക്ഷൻ രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തലുകൾ വരുത്തുന്നില്ല.

മാന്വൽ രസീതി പ്രകാരം പിരിച്ചെടുത്ത തുക സംബന്ധിച്ച വിവരങ്ങൾ കലക്ഷൻ രജിസ്റ്ററിൽ രേഖപ്പെടുത്തുമ്പോൾ 'കക്ഷിയുടെ പേര്' കോളം പൂരിപ്പിച്ചിട്ടില്ല.

ഉദാ : രസീതി ബുക്ക് നമ്പർ 12589,12600

ഇത് കൂടാതെ കലക്ഷൻ രജിസ്റ്റർ സർട്ടിഫൈ ചെയ്യാതെ ഉപയോഗിക്കുന്നതായും കാണുന്നു.

മേൽ അപാകതയ്ക്ക് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം.14/2017-18 തിയ്യതി 13.2.19 മറുപടി ലഭ്യമാക്കിയിട്ടില്ല. രസീതികൾ, കലക്ഷൻ രജിസ്റ്ററുകൾ എന്നിവയുടെ മേൽ നോട്ട ചുമതലയുള്ള ഉദ്യോഗസ്ഥൻ കൃത്യമായി പരിശോധന നടത്തുന്നില്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണ്.

## 2-6 കാലഹരണപ്പെട്ടതോ പുനരുപയോഗം ചെയ്യപ്പെടാവുന്നതോ ആയ വസ്തുക്കളുടെ ലേലം - നടപടികളെടുത്തില്ല.

പഞ്ചായത്ത് 2017-18 വർഷത്തിൽ കാലഹരണപ്പെട്ടതോ പുനരുപയോഗം ചെയ്യപ്പെടുന്നതോ ആയ വസ്തുക്കളുടെ ലേലം നടത്തുന്നതിന് താഴെ പറയും വിധം തീരുമാനങ്ങളെടുത്തിട്ടുണ്ട്.

പകൽ വീട് പൊളിച്ച് മാറ്റിയ കല്ല്, ഓട് എന്നിവ ലേലം ചെയ്യാൻ 18.09.2017 ലെ 110(2) നം തീരുമാനം, പഞ്ചായത്ത് കോമ്പൗണ്ടിലെ സ്റ്റേജ് പൊളിച്ചപ്പോൾ ലഭിച്ച പൈപ്പുകൾ ലേലം ചെയ്യാൻ 24.11.17 ലെ 177 നം തീരുമാനം, കൃഷിഭവൻ പുതുക്കി നിർമ്മിക്കുന്നതിന്റെ ഭാഗമായി മുറിച്ചുമാറ്റപ്പെടുന്ന മരങ്ങൾ ലേലം ചെയ്യാൻ 24.11.17 ലെ 178 നം തീരുമാനം, പഴയ കൃഷിഭവൻ പൊളിച്ച് മാറ്റുന്നതിനായി ലേലം ചെയ്യാൻ 24.11.17 ലെ 179 നം തീരുമാനം കൂടാതെ പഞ്ചായത്ത് ഓഫീസ് കോമ്പൗണ്ടിലെ കിണറിൽ സ്ഥാപിച്ചിട്ടുള്ള മോട്ടോർ കേടായതിനാൽ മാറ്റി സ്ഥാപിക്കുന്നതിന് 17170 രൂപയും ചെലവഴിച്ചിട്ടുണ്ട്. (വൗച്ചർ 21700327/11.8.17 13430 റെയ്ഡ്കോ , 21700451/4.10.17 3740 മോട്ടോർ മാറ്റിയതിനാൽ പഴയ മോട്ടോർ അഴിച്ച് മാറ്റി പഞ്ചായത്ത് ഓഫീസിലെ ഒന്നാം നിലയിൽ സൂക്ഷിച്ച് വച്ചതായി കണ്ടു.

ലേലം രജിസ്റ്റർ പരിശോധിച്ചതിൽ മേൽ വസ്തുക്കളുടെ ലേലം നടന്നതായി തീരുമാനങ്ങൾ കൈക്കൊണ്ടിട്ടുണ്ടെങ്കിലും എ.എഫ്.എസ്. കാണുന്നില്ല. ഉപയോഗ ശൂന്യമാകുന്നതിനു മുമ്പ് ഇത്തരം വസ്തുക്കൾ കയ്യൊഴിയാൻ നടപടികൾ സ്വീകരിച്ച് പഞ്ചായത്ത് ഫണ്ടിലേക്ക് മുതൽകൂട്ടി വിവരങ്ങൾ അറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 അസിസ്റ്റന്റ് എഞ്ചിനീയർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

2017-18 വർഷത്തിൽ അസിസ്റ്റന്റ് എഞ്ചിനീയർ മുഖേന നടപ്പാക്കിയ പൊതുമരാമത്ത് പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I *കോസ്റ്റ് ഇൻഡക്സിൽ വന്ന കുറവ് കണക്കിലെടുക്കാതെ തയ്യാറാക്കിയ എസ്റ്റിമേറ്റ് ഉപയോഗിച്ച് പൊതുമരാമത്ത് പ്രോജക്ടുകൾ നടപ്പാക്കി*

1.10.2017 മുതൽ ചങ്ങരോത്ത് പഞ്ചായത്ത് ഉൾപ്പെടുന്ന കോഴിക്കോട് ജില്ലക്ക് ബാധകമായ കോസ്റ്റ് ഇൻഡക്സിൽ കുറവ് വന്നിട്ടുണ്ട്. 42.16 ശതമാനത്തിൽ നിന്നും 37.25 ശതമാനമായാണ് കോസ്റ്റ് ഇൻഡക്സ് കുറവ് വരുത്തിയിട്ടുള്ളത്. പി.ഡബ്ല്യു.ഡി ചീഫ് എഞ്ചിനീയറുടെ 19.09.2017 തിയ്യതിയിലെ CE/Admn/PLA/EMP/1014(a)/05 പ്രകാരമാണ് ഇപ്രകാരം കോസ്റ്റ് ഇൻഡക്സിൽ കുറവ് വരുത്തിയത്.താഴെപ്പറയുന്ന പ്രോജക്ടുകളുടെ കാര്യത്തിൽ ടി.എസ്, 01.10.2017 തിയ്യതിക്ക് മുൻപ് ലഭിച്ചിട്ടുണ്ടെങ്കിലും എഗ്രിമെന്റ് വെച്ച് പ്രവൃത്തി കരാറുകാരനെ ചുമതലപ്പെടുത്തിയിട്ടുള്ളത് ടി തിയ്യതിക്ക് ശേഷമാണ്. (ടെണ്ടർ രജിസ്റ്റർ പൂർണമല്ലാത്തതിനാൽ ഈ പ്രവൃത്തികളുടെ ടെണ്ടർ നടന്ന തീയ്യതികൾ വ്യക്തമല്ല).
എന്നിട്ടും കൂടിയ കോസ്റ്റ് ഇൻഡക്സ് നിരക്കാണ് ഈ പൊതുമരാമത്ത് പ്രവൃത്തികൾക്ക് അംഗീകരിച്ചിട്ടുള്ളത്. വിശദാംശങ്ങൾ താഴെപ്പറയുന്നു.

| S No | പ്രോജക്ട് നമ്പർ , പേര് | ചെലവഴിച്ച തുക (രൂ) | ട്രഷറി ബിൽ നമ്പർ ഫണ്ട് | എംബുക്ക് നമ്പർ, പൂർത്തീകരിച്ച പ്രവൃത്തി മൂല്യം (രൂ) | ടി.എസ് നമ്പർ | എസ്റ്റിമേറ്റ് നമ്പർ | എഗ്രിമെന്റ് നമ്പർ | പ്രവൃത്തി ഏറ്റെടുത്ത നിരക്ക് |
|---|---|---|---|---|---|---|---|---|
| 1. | എസ്.ഒ 122/18, കോറോത്ത്കണ്ടി മുക്ക് - വട്ടിക്കുന്നത്ത് താഴെ റോഡ് | 6 ലക്ഷം | 63/31.3.18, 382000 രൂ (CFCgrant) - 64/31.3.18, 218000 രൂ, (MG - R) | 59/17-18 6 ലക്ഷം | 25384/17-18 , order no LSGD/TS /17-18/95214 dated 21.7.17 | 2017/95214 | 36/17-18, 2.3.18 | എസ്റ്റിമേറ്റ് റേറ്റ് |
| 2. | എസ്.ഒ 140/18, തെയ്യാടിവയൽ - മാളിക്കണ്ടി താഴെ റോഡ് | 399988 രൂ | 45/ 19.3.18 , 399988 രൂ, (CFC grant) | 32/17-18 , 399988 രൂ | 33297/17-18, LSGD/TS /2017-18 /97102 dt 26.7.17 | 2017/97102 | 03/17-18, 22.12.17 | എസ്റ്റിമേറ്റ് റേറ്റ് |
| 3. | എസ്.ഒ 132/18, മറുമല കുന്ന് കുനിയോട് റോഡ് | 3 ലക്ഷം | 48/19.3.18, 3 ലക്ഷം രൂ, (CFC grant) | 39/17-18, 3 ലക്ഷം രൂ | 25392/17-18, LSGD/TS /2017-18 /86632 dt 21.7.17 | 2017/86632 | 06/17-18, 22.12.17 | എസ്റ്റിമേറ്റ് റേറ്റ് |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 4. | എസ്.ഒ 137/18, സൂപ്പിക്കട – വലിയപറമ്പ് റോഡ് | 399996 രൂ | 54/23.3.18, 399996 രൂ, (CFC grant) | 87/17-18, 4 ലക്ഷം രൂ | 25400/17-18, LSGD/TS /2017-18/86621 dt 21.7.17 | 2017/86621 | 11/17-18, 3.1.18 | .01 % below estimate rate |
| 5. | എസ്.ഒ 129/18, വാഴയിൽ മുക്ക് - കുറുവമ്പത്ത് താഴെ റോഡ് | 399960 രൂ | 61/31.3.18, 399960 രൂ (CFC grant) | 53/17-18, 4 ലക്ഷം രൂ | 38856/17-18, LSGD/TS /2017-18 /100320 dt 29.7.17 | 2017/100320 | 7/17-18, 22.12.17 | .01 % below estimate rate |
| 6. | എസ്.ഒ 141/18, കാപ്പുമല റോഡ് | 199980 രൂ | 49/19.3.18, 199980 , (CFC grant) രൂ, | 46/17-18, 2 ലക്ഷം രൂ | 30264/17-18, LSGD/TS /2017-18/ 98329 dt 24.7.17 | 2017/98329 | 04/17-18, 22.12.17 | .01 % below estimate rate |
| 7. | 18,എസ്.ഒ 108/ വാഴയിൽ മുക്ക് കുന്നമ്മൽ താഴെ റോഡ് കോൺക്രീറ്റ് | 547118 രൂ | 57/23.3.18, 547118 രൂ, MG-R | 49/17-18, 547118 രൂ | 44315/17-18, LSGD/TS /2017-18 /100289 dt 1.8.17 | 2017/100289 | 27/17-18, 30.1.18 | എസ്റ്റിമേറ്റ് നിരക്ക് |
| 8. | എസ്.ഒ 127/18, തിരിക്കോട്ടുമ്മൽ താഴെ കുറ്റിയിൽ മുക്ക് റോഡ് | 380308 രൂ | 47/19.3.18, 380308 രൂ, CFC grant | 43/17-18, 381261 രൂ | 34075/17-18, LSGD/TS /2017-18 /101395 dt 26.7.17 | 2017/101395 | 18/17-18 , 8.1.18 | .25 % below estimate rate |
| 9. | എസ്.ഒ 154/18, അങ്കണവാടികളുടെ അടിസ്ഥാന സൌകര്യവികസനം | 410990 രൂ | 60/31.3.18, 410990 രൂ, MG-NR | 30, 33/17-18 , 412020 രൂ | 51210/2017-18 , LSGD/TS /2017-18 /109737 dt 4.8.17 | 2017/109737 | 10/17-18, 30.12.17 | .25 % below estimate rate |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| 10. | എസ്.ഒ 146/18, പന്തിരിക്കര മീത്തലെ കോളനി നടപ്പാത | 299970 | 43/19.3.18, 299970 രൂ, SCP | 42/17-18, 3 ലക്ഷം രൂ | 51466/17-18, LSGD/TS/ 2017-18/97112 dt 4.8.17 | 2017/97112 | 15/17-18, 4.1.18 | .01 % below estimate rate |
| 11. | എസ്.ഒ 135/18, അറക്കപറമ്പ് കട്ടമ്പത്ത്പാറ റോഡ് | 299970 | 62/31.3.18, 299970 രൂ, CFC grant | 45/17-18, 3ലക്ഷം രൂ | 37596/17-18, LSGD/TS /2017-18 /100299 dt 28.7.17 | 2017/100299 | 17/17-18, 4.1.18 | .01 % below estimate rate |
| 12. | എസ്.ഒ 115/18, കുളികെട്ടുംപാറ റോഡ് | 3 ലക്ഷം രൂ | 44/19.3.18, 3 ലക്ഷം രൂ, MG-R | 40/17-18, 3ലക്ഷം രൂ | 44591/17-18, LSGD/TS /2017-18 /98325 dt 1.8.17 | 2017/98325 | 13/17-18, 4.1.18 | എസ്റ്റിമേറ്റ് നിരക്ക് |
| 13. | എസ്.ഒ 139/18, കെ.കെ മുക്ക് - പൂവ്വത്തുംകണ്ടിമുക്ക് റോഡ് | 2 ലക്ഷം രൂ | 51/23.3.18, 2 ലക്ഷം രൂ, CFC grant | 47,50/17-18, 2 ലക്ഷം രൂ | 38861/17-18, order no LSGD/TS /17-18 /98333 dt 29.7.17 | 2017/98333 | 22/17-18, 17.1.18 | എസ്റ്റിമേറ്റ് നിരക്ക് |
| 14. | 109/18, പുത്തൻപുരയിൽ താഴെ - പള്ളിപ്പറമ്പ് മുക്ക് റോഡ് കോൺക്രീറ്റ് | 538825 രൂ | 55/23.3.18, MG-R | 48/17-18, 538825 രൂ, | 44288/17-18, LSGD/TS /17-18 /95242 dt 1.8.17 | 2017/95242 | 28/17-18 , 16.2.18 | എസ്റ്റിമേറ്റ് നിരക്ക് |
| 15. | എസ്.ഒ 114/18, കവുങ്ങുള്ള ചാൽ അങ്കണവാടി റോഡ് | 3 ലക്ഷം രൂ | 52/23.3.18, MG-R, 3 ലക്ഷം രൂ | 54/17-18, 3 ലക്ഷം രൂ | 44594/17-18, LSGD/TS /17-18 /86625 dt 1.8.17 | 2017/86625 | 25/17-18, 17.1.18 | എസ്റ്റിമേറ്റ് നിരക്ക് |

കോസ്റ്റ് ഇൻഡക്സിൽ കുറവ് വന്നിട്ടും കൂടിയ നിരക്കിൽ എസ്റ്റിമേറ്റ് തയ്യാറാക്കി മൂല്യ നിർണ്ണയം നടത്തി പ്രവൃത്തി പൂർത്തീകരിച്ചതിന്റെ കാരണം വിശദീകരിക്കേണ്ടതാണ്.

II. *ബസ് സ്റ്റോപ്പ് റിപ്പയർ - ആസ്തിയിൽ പെടാത്ത കെട്ടിടത്തിൻമേൽ തുക ചെലവഴിച്ചു*

പൊതു മരാമത്ത് വകുപ്പിന്റെ ആസ്തിയിലുള്ള ബസ് സ്റ്റോപ്പ് അറ്റകുറ്റപ്പണി നടത്തുന്നതിനായിരുന്ന പ്രോജക്റ്റ്. വിശദ വിവരം താഴെ ചേർക്കുന്നു.

| | |
|---|---|
| പ്രോജക്റ്റ് നമ്പർ | എസ്.ഒ 026/18 |
| പ്രോജക്റ്റ് | സൂപ്പിക്കട ബസ് സ്റ്റോപ്പ് റിപ്പയർ |
| വകയിരുത്തിയ തുക | 50000 രൂ |
| ചെലവഴിച്ച തുക | 31830 രൂ |
| ഫണ്ട് | തനത് ഫണ്ട് |

| | |
|---|---|
| ചെക്ക് നമ്പർ , തിയ്യതി , തുക | 007351 / 2.3.18 , 31830 രൂ |
| സ്റ്റാ.ക ശുപാർശ | വികസന കാര്യ സ്റ്റാ.ക യുടെ 17.4.17 തിയ്യതിയിലെ 6(2)/17 നമ്പർ തീരുമാനം |
| ഭരണാനുമതി | 40(1)/17 നമ്പർ തീരുമാനം തിയ്യതി 19.4.17 |

ഭരണസമിതിയുടെ 16.6.2017 തിയ്യതിയിലെ 62(6)/17 നമ്പർ തീരുമാനപ്രകാരം , സൂപ്പിക്കട ബസ് സ്റ്റോപ്പ് റിപ്പയർ പ്രവൃത്തിക്ക് പി.ഡബ്ല്യൂ.ഡി യുടെ ആസ്തിയായതിനാൽ പ്രസ്തുത വകുപ്പിന്റെ അനുമതി വേണമെന്ന അസിസ്റ്റന്റ് എഞ്ചിനീയറുടെ നിർദ്ദേശത്തിൽ തുടർനടപടി സ്വീകരിക്കാനും എന്നാൽ ഉടൻ പണി പൂർത്തിയാക്കേണ്ടതിനാൽ ടി അനുമതി ലഭ്യമാകുംമുമ്പെ വിട്ടുപോയ ഇനങ്ങൾ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്ത് പണി പൂർത്തിയാക്കുന്നതിന് എഞ്ചിനീയറോട് നിർദ്ദേശിച്ചതായും കാണുന്നു. എന്നാൽ പൊതുമരാമത്ത് വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല. മറ്റൊരു വകുപ്പിന്റെ ആസ്തിയിലുള്ള സ്ഥലത്ത് പ്രവൃത്തി ചെയ്തതിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല. 31830 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

III. *കെ.കെ മുക്ക് - പൂവ്വത്തുംകണ്ടി മുക്ക് റോഡ് - പ്രോജക്ട് നടപ്പാക്കിയതിലെ അപാകതകൾ*

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 139/18 |
| പ്രോജക്ട് | കെ.കെ മുക്ക് - പൂവ്വത്തും കണ്ടി മുക്ക് റോഡ് |
| വകയിരുത്തിയ തുക | 2 ലക്ഷം രൂ |
| ചെലവഴിച്ച തുക | 2 ലക്ഷം രൂ |
| ഫണ്ട് | ധനകാര്യ കമ്മീഷൻ ഗ്രാന്റ് |
| ട്രഷറി ബിൽ നമ്പർ , തിയ്യതി ,തുക | 51 , 23.3.18 , 2 ലക്ഷം രൂ |
| ഭരണാനുമതി | 48(1)/17 തിയ്യതി 18.5.17 |
| കരാറുകാരൻ | ശ്രീ. സന്തോഷ് കുമാർ ടി.പി |
| എഗ്രിമെന്റ് നമ്പർ | 22/17-18 തിയ്യതി 17.1.18 |
| റിവൈസ്ഡ് എസ്റ്റിമേറ്റിന് ഭരണാനുമതി | 52(5)/18 തിയ്യതി 6.2.18 |
| എം.ബുക്ക് നമ്പറുകൾ | 47/17-18 , 50/17-18 |
| പൂർത്തീകരിച്ച പ്രവൃത്തിമൂല്യം | 2 ലക്ഷം രൂ |

റോഡിന്റെ കുറച്ച് ഭാഗം ഗതാഗത യോഗ്യമാണെങ്കിലും ബാക്കിഭാഗം കനാൽ ബണ്ടിന്റെ സംരക്ഷണഭിത്തിയേക്കാൾ താഴ്ന്ന് മഴക്കാലത്ത് ചളി കെട്ടിനിന്ന് ഗതാഗതത്തിന് ബുദ്ധിമുട്ടായതിനാൽ ടി റോഡിന്റെ ഒരു ഭാഗത്ത് 53.25 മീറ്റർ നീളത്തിൽ സൈഡ് കെട്ടി മണ്ണിട്ടുയർത്തി നിരപ്പാക്കി റോഡ് ഗതാഗതത്തിന് യോഗ്യമാക്കുവാനാണ് എസ്റ്റിമേറ്റിൽ ആദ്യം ലക്ഷ്യമിട്ടിരിക്കുന്നത്.

പ്രവൃത്തി നടന്നു കൊണ്ടിരിക്കുമ്പോൾ നാട്ടുകാരുടേയും ഇറിഗേഷൻ വകുപ്പ് അധികൃതരുടേയും നിർദ്ദേശാനുസരണം റോഡിന് കുറുകെ ഇറിഗേഷൻ കനാലിൽ നിന്നും ഒരു under tunnel ഉള്ളതായി ബോധ്യപ്പെട്ടതായും റോഡ് പ്രവൃത്തിക്കിടെ ആയത് മൂടിപ്പോകുന്നത് ഒഴിവാക്കാൻ റോഡ് 3 മീറ്ററോളം താഴ്ന്ന ടണൽ ഇരുവശത്തും ദീർഘിപ്പിച്ച് DR masonry നടത്തി മുകളിൽ covering slab നിർമ്മിച്ച് അതിന് മുകളിൽ DR masonry നടത്തുന്ന പ്രവൃത്തി കൂടി പ്രവൃത്തിയിൽ ഉൾപ്പെടുത്തി എസ്റ്റിമേറ്റ് റിവൈസ് ചെയ്തതായി കാണുന്നു. ഇത് കൂടി ഉൾപ്പെടുത്തിയാണ് പ്രവൃത്തി പൂർത്തീകരിച്ചത്. പ്രോജക്ട് പരിശോധിച്ചതിൽ കാണുന്ന അപാകതകൾ താഴെപ്പറയുന്നു.

1. എസ്റ്റിമേറ്റ് തയ്യാറാക്കുമ്പോൾ സ്ഥല പരിശോധന നടത്തുന്നില്ല. ഇക്കാരണത്താലാണ് ടണൽ ഉള്ള വിവരം ശ്രദ്ധയിൽ പെടാതെ പോയതും എസ്റ്റിമേറ്റ് റിവൈസ് ചെയ്യാൻ ഇടയായതും.
2. ഇറിഗേഷൻ വകുപ്പിന്റെ അധീനതയിലുള്ള ടണൽ ദീർഘിപ്പിക്കുന്നതിനും പ്രസ്തുതവകുപ്പിന്റെ ആസ്തിയിലുള്ള സ്ഥലത്ത് റോഡ് പ്രവൃത്തി ചെയ്യുന്നതിനും വകുപ്പിൽ നിന്നും അനുമതി ലഭിച്ചിട്ടില്ല.
3. ടണലിന്റെ സ്ഥാനം , ദീർഘിപ്പിക്കുന്ന ടണലിന്റെ അളവുകൾ എന്നിവ രേഖപ്പെടുത്തിക്കൊണ്ടുള്ള ഡ്രോയിങ് ഫയലിൽ ഇല്ല.

അപാകതകൾ വിശദീകരിക്കേണ്ടതാണ്.

IV. *ചേപ്രോൽ കുടിവെള്ള പദ്ധതി വിപുലീകരണം (ഒന്നാം ഘട്ടം) - പ്രോജക്ട് നടപ്പാക്കിയതിലെ അപാകത*

| | |
|---|---|
| പ്രോജക്ട് നമ്പർ | 172/18 |
| പ്രോജക്ട് | ചേപ്രോൽ കുടിവെള്ള പദ്ധതി വിപുലീകരണം (ഒന്നാം ഘട്ടം ) |

| | |
|---|---|
| വകയിരുത്തിയ തുക | 212024 രൂ |
| ചെലവഴിച്ച തുക | 132212 രൂ |
| ഫണ്ട് | തനത് ഫണ്ട് |
| റിവൈസ്ഡ് എസ്റ്റിമേറ്റ് തുക | 4 ലക്ഷം രൂ |
| നിർവ്വഹണം | ഗുണഭോക്തൃ സമിതി മുഖേന |
| പൂർത്തീകരിച്ച ആകെ പ്രവൃത്തി മൂല്യം | 320188 രൂ (187976 , 132212 രൂ) |

| | |
|---|---|
| എം.ബുക്ക് നമ്പറുകൾ | 81/14-15 , 107/15-16 , 82/14-15 |
| ചെലവ് വിശദാംശങ്ങൾ | ചെക്ക് നമ്പർ 2091670/26.9.15 , 87976 രൂ (1 ലക്ഷം രൂ മൊബിലൈസേഷൻ അഡ്വാൻസ് കിഴിച്ച് )<br><br>ചെക്ക് നമ്പർ 1734223/31.3.18, 132212 രൂ |
| എം. ബുക്ക് നമ്പർ | 82/14-15 |

പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. ഗുണഭോക്തൃ സമിതിയിൽ നിന്നും ഇൻകം ടാക്സ് ഈടാക്കിയതായി കാണുന്നില്ല.

2.പ്രോജക്ടിന്റെ വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് റിപ്പോർട്ട് പരിശോധനക്ക് ലഭിച്ചിട്ടില്ല.

3. സമിതിയുടെ വരവ് ചെലവ് കണക്ക് പുസ്തകം , ദൈനംദിന ഡയറി , സംരക്ഷണ കമ്മിറ്റി രൂപീകരണ രേഖകൾ /മിനട്സ് ബുക്ക് എന്നിവ പരിശോധനക്ക് ലഭിച്ചിട്ടില്ല.
മേൽ പരാമർശിച്ച രേഖകൾ , പ്രോജക്ടിന്റെ നിലവിലെ അവസ്ഥ സംബന്ധിച്ച റിപ്പോർട്ട് എന്നിവ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്.

## 3-2 കൃഷി ഓഫീസർ നടപ്പാക്കിയ പ്രോജക്ടുകളിലെ അപാകതകൾ

കൃഷി ഓഫീസർ നിർവ്വഹണോദ്യോഗസ്ഥനായി 2017-18 വർഷത്തിൽ നടപ്പാക്കിയ പ്രോജക്ടുകൾ പരിശോധിച്ചതിൽ താഴെപ്പറയുന്ന അപാകതകൾ കാണുന്നു.

I. നെൽകൃഷിക്ക് കൂലിചെലവ് – കർഷകർ വിള ഇൻഷ്വറൻസ് ചെയ്തതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 011/18 |
| പ്രോജക്ട് | നെൽകൃഷി വികസനം |
| വികസന ഫണ്ടിൽ നിന്നും വകയിരുത്തിയ തുക | 226800 രൂ |
| ചെലവഴിച്ച തുക | 199856 രൂ |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതത്തിൽ നിന്നും വകയിരുത്തിയ തുക | 357000 രൂ |
| ചെലവഴിച്ച തുക | 93500 രൂ |
| ചെലവ് വിശദാംശങ്ങൾ | |
| ട്രഷറി ബിൽ നമ്പർ,തിയ്യതി, തുക | JA04/17-18,14.3.18, 172337 രൂ<br><br>JA07/17-18,14.3.18, 27519 രൂ |
| ചെക്ക് നമ്പർ (ബ്ലോക്ക് വിഹിതം) | SB/JC 3781164 / 7.3.18, |

| | |
|---|---|
| | 93500 രൂ |

നെൽ കർഷകർക്ക് കൂലിച്ചെലവ് സബ്സിഡി, ബ്ലോക്ക് വിഹിതം ഉപയോഗിച്ചാണ് നല്കിയത്. 36 പേർക്കാണ് ആനുകൂല്യം നൽകിയത്. 3.4.2017 തിയ്യതിയിലെ സ.ഉ.(എം.എസ്) 80/2017/തസ്വഭവ നമ്പർ സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 8.1 ഇനം നമ്പർ 5 പ്രകാരം കൂലിച്ചെലവ് സബ്സിഡി ആനുകൂല്യം ലഭിക്കുന്ന കർഷകർ വിള ഇൻഷ്വറൻസ് മുൻകൂറായി അടക്കേണ്ടതുണ്ട്. എന്നാൽ ഇപ്രകാരം വിള ഇൻഷ്വറൻസ് പ്രീമിയം അടച്ചതിന്റെ വിശദാംശങ്ങൾ പരിശോധനക്ക് ലഭിച്ചിട്ടില്ല. ഇത് സംബന്ധിച്ച രേഖകൾ പരിശോധനക്ക് ഹാജരാക്കേണ്ടതാണ്. 93500 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

II. തെങ്ങ് കൃഷിക്ക് ജലസേചന പമ്പ് സെറ്റ് – പദ്ധതി നിർദ്ദേശങ്ങൾ പാലിച്ചില്ല

| | |
|---|---|
| പ്രോജക്ട് നമ്പർ | എസ്.ഒ 053/18 |
| പ്രോജക്ട് | തെങ്ങ്കൃഷിക്ക് ജലസേചന പമ്പ് സെറ്റ് |
| വകയിരുത്തിയ തുക | 496430 രൂ |
| ചെലവഴിച്ച തുക | 496430 രൂ |
| ഫണ്ട് | വികസന ഫണ്ട് |
| ഭരണ സമിതി അംഗീകാരം | 6.2.2018 തിയ്യതിയിലെ 52/18 നമ്പർ ഭരണസമിതി തീരുമാനം |
| ചെലവ് വിശദാംശങ്ങൾ | ട്രഷറി ബിൽ നമ്പർ,തിയ്യതി, തുക |
| | JA05/17-18,14.3.18,449362 രൂ<br>JA11/17-18, 21.3.18, 47068 രൂ |

ഗുണഭോക്താക്കൾ നേരിട്ട് പമ്പ് സെറ്റുകൾ വാങ്ങുകയും സബ്സിഡി തുക ഗുണഭോക്താക്കളുടെ ബാങ്ക് അക്കൌണ്ടുകളിലേക്ക് കൈമാറുകയും ചെയ്തിട്ടുണ്ട്. പ്രോജക്ട് പരിശോധിച്ചതിൽ കണ്ട അപാകതകൾ താഴെപ്പറയുന്നു.

1. 3.4.2017 തിയ്യതിയിലെ സ.ഉ.(എം.എസ്)80/2017/തസ്വഭവ ഖണ്ഡിക 8.1 ഇനം 13 ലെ നിർദ്ദേശപ്രകാരം ഇത്തരം പ്രോജക്ട് നടപ്പാക്കുമ്പോൾ കാർഷികാവശ്യവും സാദ്ധ്യതയും സംബന്ധിച്ച കൃഷി ഓഫീസറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് ധനസഹായം വിതരണം ചെയ്യേണ്ടത്. എന്നാൽ ഈ നിർദ്ദേശം പാലിച്ചതായി കാണുന്നില്ല.

2. ഇതേ ഉത്തരവ് ഖണ്ഡിക 2 പൊതു നിബന്ധനകൾ ക്രമനമ്പർ 2.8 പ്രകാരം ഗുണഭോക്താവ് നേരിട്ട് വാങ്ങിക്കുന്ന സംഗതികളിൽ നിർവ്വഹണ ഉദ്യോഗസ്ഥർ വ്യക്തിപരമായി പരിശോധിച്ച് ഗുണനിലവാരവും അനുയോജ്യതയും ഉറപ്പാക്കി സാക്ഷ്യപ്പെടുത്തിയ ശേഷമാണ് സബ്സിഡി അവരുടെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കേണ്ടതെന്ന് വ്യക്തമാക്കിയിട്ടുള്ളതാണ്. മേൽ നിർദ്ദേശം പാലിച്ചിട്ടില്ല.

3. കൃഷി വകുപ്പിൽ നിന്നും ഇതേ ഗുണഭേക്താക്കൾക്ക് സമാനമായ പ്രോജക്ട് നടപ്പാക്കിയിട്ടുണ്ടോ എന്നത് പരിശോധിച്ച് ഉറപ്പ് വരുത്തിയതായി കാണുന്നില്ല.

4. പ്രോജക്ട് വർക്കിങ് ഗ്രൂപ്പ് മോണിറ്ററിങ് നടത്തിയതായി കാണുന്നില്ല.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്.

496430 രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

## 3-3 ആശ്രയ ചലഞ്ച് ഫണ്ട് - ചെലവ് രേഖകൾ കൃത്യമായി സൂക്ഷിച്ചിട്ടില്ല

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി ആശ്രയ ചലഞ്ച് ഫണ്ടിൽ നിന്നുള്ള ചെലവ് പരിശോധിച്ചു.വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

ഗ്രാമ പഞ്ചായത്തിലെ ചെക്ക് ആൻഡ് ഡ്രാഫ്റ്റ് രജിസ്റ്റർ പ്രകാരം ആശ്രയ ചലഞ്ച് ഫണ്ട് ഒന്നാം ഗഡു 166667 രൂ , കുടുംബശ്രീ മിഷൻ എക്സിക്യൂട്ടീവ് ഡയറക്ടറിൽ നിന്നും 20.06.16 തിയ്യതിയിലെ 1511204 നമ്പർ ചെക്ക് പ്രകാരം ലഭിക്കുകയും തുക ചങ്ങരോത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിലെ അക്കൗണ്ട് നമ്പർ 1926 ലേക്ക് കൈമാറുകയും ചെയ്തു. ഈ അക്കൗണ്ടിൽ നിന്നും നടത്തിയ പണം പിൻവലിക്കലുകളുടെ വിവരങ്ങൾ താഴെപ്പറയുന്നു.

| തിയ്യതി | ചെക്ക് നമ്പർ | തുക (രൂ) |
|---|---|---|
| 18.07.17 | 36491 | 17249 |
| 14.11.17 | 36492 | 19470 |
| 14.11.17 | 36493 | 17060 |

| | | |
|---|---|---|
| 28.2.18 | 36494 | 34600 |

മേൽ ബാങ്ക് അക്കൗണ്ട് കൂടാതെ ചലഞ്ച് ഫണ്ടിനുവേണ്ടി ചങ്ങരോത്ത് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്കിൽ 4293 നമ്പർ അക്കൌണ്ടുകൂടി ഉള്ളതായി കാണുന്നു. 31.3.18 തിയ്യതിയിൽ ഈ അക്കൗണ്ടിലെ നീക്കിയിരിപ്പ് 247118 രൂപയാണ്.

പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ താഴെപ്പറയുന്നു.

1. അഗതികളും നിരാലംബരുമായ രോഗികൾക്ക് ഭക്ഷണസാധനങ്ങൾ വാങ്ങിനല്കുന്നതുമാത്രമാണ് 2017-18 വർഷത്തിൽ നടപ്പാക്കിയിട്ടുള്ളത്. ഇത് സംബന്ധിച്ച വൗച്ചറുകൾ, വിതരണ രേഖകൾ എന്നിവ പരിശോധനക്ക് ഹാജരാക്കിയിട്ടില്ല. മേൽപരാമർശിച്ച ചെലവുകൾ കൂടാതെ 4293 നമ്പർ അക്കൌണ്ടിൽ നിന്നും ചെലവുകൾ ഉള്ളതായി കാണുന്നു. മേൽ വൗച്ചറുകളും പരിശോധനയ്ക്ക് ഹാജരാക്കുകയുണ്ടായില്ല. ഇത് ഏതൊക്കെ ഇനത്തിലുള്ളവയാണെന്ന് വ്യക്തമല്ല.

2. ഒരേ സമയം രണ്ട് ബാങ്ക് അക്കൌണ്ടുകൾ ആശ്രയ പദ്ധതിക്കു വേണ്ടി മാത്രം പരിപാലിക്കുന്നതിനുള്ള കാരണം വ്യക്തമല്ല.

3. 1926 നമ്പർ ബാങ്ക് അക്കൌണ്ട് , പഞ്ചായത്ത് മുൻ അസി.സെക്രട്ടറിയായിരുന്ന ശ്രീ. സുനിൽ കുമാർ എൻ എന്നയാളുടെ പേരിലാണ് ഉള്ളത്.

4. കുടുംബശ്രീയുമായി ബന്ധപ്പെട്ട ചെലവുകളുടെ കാഷ്ബുക്ക് 13.12.2017 തിയ്യതി വരെ മാത്രമാണ് എഴുതിയിട്ടുള്ളത്. ആശ്രയ ചാലഞ്ച് ഫണ്ട് ലെഡ്ജർ 31.3.17 തിയ്യതി വരെയും എഴുതിയിട്ടുണ്ട്.

അപാകതകൾക്ക് വിശദീകരണം നല്കേണ്ടതാണ്. ആശ്രയ ചാലഞ്ച് ഫണ്ടിന്റെ വരവ് ചെലവ് കണക്കുകൾ, ബന്ധപ്പെട്ട രജിസ്റ്ററുകൾ എന്നിവ എത്രയും വേഗം എഴുതി തയ്യാറാക്കി അറിയിക്കേണ്ടതാണ്.

## 3-4 ഐകെഎം പത്രിക പ്രകാരം ചെലവ് കാണിച്ചു- രേഖകൾ ഹാജരാക്കിയില്ല

2017-18 വർഷത്തെ ഐകെഎം ചെലവു പത്രിക പ്രകാരം ചെലവു കാണിച്ച താഴെ പറയുന്ന പ്രോജക്ടുകളുടെ രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| പ്രോജക്ട് | അടങ്കൽ | ചെലവ് | റിമാർക്സ് |
|---|---|---|---|
| ഭവന നിർമ്മാണം പട്ടികജാതി<br>1/17-18 | 660000<br>എസ് സി പി | 240000 | രേഖകൾ ലഭ്യമാക്കിയില്ല |
| പട്ടികജാതി പെൺകുട്ടികൾക്ക് വിവാഹ ധനസഹായം<br>57/18 | 850000 | 775000 | 300000 രൂപയുടെ ചെലവുകളുടെ രേഖകൾ മാത്രമാണ് ലഭ്യമാക്കിയത്. ബന്ധപ്പെട്ട<br>പ്രോജക്ട്, 475000 രൂപയുടെ ചെലവ് സംബന്ധിച്ച രേഖകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല. |

അസി. സെക്രട്ടറിയുടെ ബിൽ ബുക്കിലും കാഷ് ബുക്കിലും പ്രകാരവും മേൽ ചെലവുകൾ (240000 + 475000) രേഖപ്പെടുത്തിയിട്ടില്ല. എന്നാൽ എസ് സി പി ചെലവുകൾ പരിശോധിച്ചതിൽ മേൽ ചെലവുകൾ ഉൾപ്പെടെയാണ് ആകെ ചെലവ് കണക്കാക്കിയത് .

11.2.2019 നകം രേഖകൾ ലഭ്യമാക്കാൻ ഓഡിറ്റ് എൻക്വയറി മുഖേനയും 11.2.2019 ന് ഓഡിറ്റ് റിക്വിസിഷൻ മുഖേനയും ചെലവു വിവരങ്ങൾ ആവശ്യപ്പെട്ടുവെങ്കിലും ആയത് ലഭ്യമാക്കിയില്ല. മേൽ അന്വേഷണങ്ങൾക്കു നൽകിയ മറുപടിയിൽ 21.08.17 ലെ 91 നം. തീരുമാന പ്രകാരം അസി. സെക്രട്ടറിയുടെ തസ്തിക ഒഴിഞ്ഞു കിടന്നതിനാൽ അസി. സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി പദ്ധതികളുടെ നടത്തിപ്പു ചുമതല അന്ന് വിഇഓ ആയിരുന്ന വിനോദ് കുമാർ.എം.ആർ. എന്നയാൾക്കായിരുന്നെന്നും ടിയാൾ ഇപ്പോൾ ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്തിലാണുള്ളതെന്നും അറിയിച്ചു. സ്ഥലം മാറിപ്പോകുന്ന അവസരത്തിൽ ചെലവു രേഖകളൊന്നും തന്നെ കൈമാറിയിട്ടില്ല എന്നും ആവർത്തിച്ച് ഫോൺ സന്ദേശങ്ങൾ മുഖേന ആവശ്യപ്പെട്ടിട്ടും രേഖകൾ ഹാജരാക്കാൻ ടിയാൾ തയ്യാറായില്ല എന്നും അസി. സെക്രട്ടറി അറിയിച്ചിട്ടുണ്ട്. രേഖകൾ ഗ്രാമ പഞ്ചായത്തിന് നൽകാത്തതിന് സ്വീകരിച്ച തുടർ നടപടി വിവരം ലഭ്യമല്ല.

മേൽ വിവരങ്ങളുടെ വെളിച്ചത്തിൽ ചെലവു രേഖകൾ നിലവിലില്ല എന്ന നിഗമനത്തിൽ ശ്രീ വിനോദ്കുമാർ പദ്ധതിപ്പണത്തിൽ നിന്നും പിൻവലിച്ച 715000 രൂപയുടെ ചെലവുകൾ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. ടിയാൾക്കെതിരെ കൃത്യ വിലോപത്തിന് നടപടികൾ സ്വീകരിക്കാൻ ടിയാളുടെ റിപ്പോർട്ടിംഗ് ഓഫീസറായ പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെടാൻ ഭരണ സമിതിയോട് ശുപാർശ ചെയ്യുന്നു. തുക ഈടാക്കി പഞ്ചായത്ത് ഫണ്ടിലടവാക്കേണ്ടതാണ്.

## 3-5 വാഹന വാടക - ഒരേ വാഹനത്തിന് ഒരേ സമയത്തേക്ക് രണ്ടു വാടക നൽകുന്നു.

തനത് ഫണ്ട് വൗച്ചറുകൾ പരിശോധിച്ചതിൽ പഞ്ചായത്ത് വാഹനം അറ്റകുറ്റപ്പണിയിലായതിനാൽ പഞ്ചായത്ത് ആവശ്യങ്ങൾ നിറവേറ്റുന്നതിന് വാഹനം വാടകയ്ക്ക് എടുക്കുന്നതായി കണ്ടു. മുരളീധരൻ.എൻ.കെ എന്നയാളുടെ കെ എൽ 56 ജെ 8151 നമ്പർ വാഹനമാണ് വൗച്ചറിനോടോപ്പം ലഭ്യമാക്കിയ ട്രിപ്പ് ഷീറ്റ് പ്രകാരം വാടകയ്ക്ക് എടുത്തു കാണുന്നത്. അതേ സമയം പിഎച്ച്സി മെഡിക്കൽ ഓഫീസറുടെ സമഗ്ര ആരോഗ്യ എന്ന പദ്ധതിക്കായി പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ പ്രതിരോധ കുത്തിവെപ്പുകളെടുക്കുന്നതിനും സ്കൂളുകളിൽ ആരോഗ്യ പരിശോധനകൾ നടത്തുന്നതിനും മുരളീധരൻ.എൻ.കെ എന്നയാളുടെ കെ എൽ 56 ജെ 8151 എന്ന ഇതേ വാഹനം തന്നെ വാടകയ്ക്ക് എടുക്കുന്നതായി കണ്ടു. രണ്ടു ചെലവുകളും ഒരുമിച്ച് പരിശോധിച്ചതിൽ മേൽ വാഹനം ഒരേ സമയത്ത് രണ്ട് ആവശ്യങ്ങൾക്ക് ഓടിയതായും ആയതിന് വാടക അനുവദിച്ചതായും കണ്ടു വിശദ വിവരം താഴെ പറയുന്നു.

| തീയ്യതി | ട്രിപ്പ് ഷീറ്റ് പ്രകാരം പഞ്ചായത്ത് ആവശ്യത്തിന് ഓടിയതിന്റെ വിവരം | ട്രിപ്പ് ഷീറ്റ് പ്രകാരംപിഎച്ച്സി ആവശ്യത്തിന് ഓടിയതിന്റെ വിവരം |
|---|---|---|
| 6.10.17 | രാവിലെ 10.30 മുതൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പ്രസിഡന്റുമായി പോയത് 20 KM ഈടാക്കിയ തുക 750 2മണിക്കൂർ വെയിറ്റിങ്ങ്<br>വൗച്ചർ നം 21700545/10.11.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 58 കിലോമീറ്റർ യാത്ര 5 മണിക്കൂർ വെയിറ്റിങ്ങ്<br>ഈടാക്കിയ തുക 1000 |
| 10.10.17 | രാവിലെ 10 മുതൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലും പേരാമ്പ്ര ബ്ലോക്കിലും പ്രസിഡന്റുമായി പോയത് 80 KM യാത്ര 2 മണിക്കൂർ വെയിറ്റിങ്ങ് ഈടാക്കിയ തുക 1200<br>വൗച്ചർ നം 21700545/10.11.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 48 കിലോമീറ്റർ യാത്ര 7 മണിക്കൂർ വെയിറ്റിങ്ങ്<br>ഈടാക്കിയ തുക 1000 |
| 13.10.17 | രാവിലെ 10.30 മുതൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പ്രസിഡന്റുമായി പോയത് 30 KM<br>ഈടാക്കിയ തുക 450<br>വൗച്ചർ നം 21700545/10.11.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 58 കിലോമീറ്റർ യാത്ര 5 മണിക്കൂർ വെയിറ്റിങ്ങ്<br>ഈടാക്കിയ തുക 1000 |
| 17.10.17 | ഉച്ചയ്ക്ക് 1.30 മുതൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പ്രസിഡന്റുമായി പോയത് 20 KM<br>ഈടാക്കിയ തുക 200<br>വൗച്ചർ നം 21700545/10.11.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 58 കിലോമീറ്റർ യാത്ര 5 മണിക്കൂർ വെയിറ്റിങ്ങ് ഈടാക്കിയ തുക 1000 |
| 19.10.17 | രാവിലെ 11.30 മുതൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പ്രസിഡന്റുമായി പോയത് 40 KM<br>ഈടാക്കിയ തുക 600<br>വൗച്ചർ നം 21700545/10.11.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായും എംയുപിഎസ് ചങ്ങരോത്ത് സ്കൂൾ പരിശോധനയ്ക്കും 6 മണിക്കൂർ വെയിറ്റിങ്ങ് ഈടാക്കിയ തുക 1000 |
| 21.10.17 | ഉച്ചയ്ക്ക് 1.30 മുതൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിലും കുറ്റ്യാടിയിലും പ്രസിഡന്റുമായി പോയത് 35 KM<br>ഈടാക്കിയ തുക 500<br>വൗച്ചർ നം 21700545/10.11.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 42 കിലോമീറ്റർ യാത്ര 5 മണിക്കൂർ വെയിറ്റിങ്ങ് ഈടാക്കിയ തുക 750 |
| 23.10.17 | രാവിലെ 11.30 മുതൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പ്രസിഡന്റുമായി പോയത് 30 KM രണ്ടുമണിക്കൂർ വെയിറ്റിങ്ങ്<br>ഈടാക്കിയ തുക 450<br>വൗച്ചർ നം 21700545/10.11.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 58 കിലോമീറ്റർ യാത്ര 5 മണിക്കൂർ വെയിറ്റിങ്ങ്<br>ഈടാക്കിയ തുക 1000 |
| 20.5.17 | രാവിലെ 10.30 മുതൽ പ്രസിഡന്റുമായി കോഴിക്കോട്ടേക്ക് പോയത് 110 KM രണ്ടുമണിക്കൂർ വെയിറ്റിങ്ങ്<br>തുക എഴുതിയിട്ടില്ല മേൽ യാത്രയടക്കമുള്ള 7 യാത്രകൾക്ക് | ട്രൈബൽ കോളനിയിൽ മെഡിക്കൽ ക്യാമ്പിന് രാവിലെ 9.30 മുതൽ 32 Km 3. മണിക്കൂർ വെയിറ്റിങ്ങ്<br>ഈടാക്കിയ തുക 750 |

| | | |
|---|---|---|
| | ഈടാക്കിയത് 8600 രൂപ (കോഴിക്കോട് യാത്രയ്ക്ക 1650 രൂപയാണ് മറ്റ് വൗച്ചറുകൾ പ്രകാരം)<br>വൗച്ചർ നം 21700204/13.6.17 | |
| 15.6.17 | രാവിലെ 8.30 മുതൽ പ്രസിഡന്റുമായി കോഴിക്കോട്ട് നളന്ദ ഓഡിറ്റോറിയം പോയത് 110 KM+3 മണിക്കൂർ വെയിററിങ്ങ്<br>ഈടാക്കിയ തുക 1600<br>വൗച്ചർ നം 21700243/3.7.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 58 കിലോമീറ്റർ യാത്ര 5 മണിക്കൂർ വെയിറ്റിങ്ങ്<br>ഈടാക്കിയ തുക 1000 |
| 22.6.17 | വൈസ് പ്രസിഡന്റുമായി ചെമ്പനോട പോയത് 50 KM + 2 മണിക്കൂർ വെയിററിങ്ങ്<br>ഈടാക്കിയ തുക 800<br>വൗച്ചർ നം 21700243/3.7.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 58 കിലോമീറ്റർ യാത്ര 5 മണിക്കൂർ വെയിറ്റിങ്ങ്<br>ഈടാക്കിയ തുക 1000 |
| 21.7.17 | രാവിലെ 10 മുതൽ പ്രസിഡന്റുമായി കൊയിലാണ്ടി മീറ്റിങ്ങിന് പോയത് 65 KM ഉച്ചയ്ക്ക് 2 മണി വരെ<br>ഈടാക്കിയ തുക 1000<br>വൗച്ചർ നം 21700329/11.8.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 48 കിലോമീറ്റർ യാത്ര 5 മണിക്കൂർ വെയിറ്റിങ്ങ്<br>ഈടാക്കിയ തുക 1000 |
| 19.9.17 | രാവിലെ 9.30 മുതൽ പ്രസിഡന്റുമായി കോഴിക്കോട്ട് മീറ്റിങ്ങിന് പോയത് 110 KM + 5 മണിക്കൂർ വെയിറ്റിങ്ങ്<br>ഈടാക്കിയ തുക 1650<br>വൗച്ചർ നം 21700467/19.10.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 58 കിലോമീറ്റർ യാത്ര 5 മണിക്കൂർ വെയിറ്റിങ്ങ്<br>ഈടാക്കിയ തുക 1000 |
| 23.9.17 | രാവിലെ 10 മുതൽ പഞ്ചായത്തിന്റെ വിവിധ സ്ഥലങ്ങളിൽ പ്രസിഡന്റുമായി പോയത് 23 KM<br>ഈടാക്കിയ തുക 350<br>വൗച്ചർ നം 21700467/19.10.17 | രാവിലെ 9.30 മുതൽ രോഗപ്രതിരോധ കുത്തിവെപ്പുകൾക്കായി പോയത് 48 കിലോമീറ്റർ യാത്ര 5 മണിക്കൂർ വെയിറ്റിങ്ങ് ഈടാക്കിയ തുക 1000 |

ഒരേ സമയം ഒരേ വാഹനം രണ്ടിടങ്ങളിലേക്ക് വ്യത്യസ്ത ആവശ്യങ്ങൾക്ക് യാത്ര പോയതിന് പഞ്ചായത്ത് സെക്രട്ടറി 11200 രൂപയും മെഡിക്കൽ ഓഫീസർ 12500 രൂപയും ചെലവഴിച്ചത് സാമാന്യ യുക്തിക്ക് നിരക്കുന്നതല്ല. ആയതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി നൽകിയിട്ടില്ല. മേൽ വിവരങ്ങൾ വിശദമായി പരിശോധിച്ച് അനർഹമായി അനുവദിച്ച 11200 രൂപ ടിയാളിൽ നിന്നും തിരിച്ചു പിടിക്കേണ്ടതാണ്. ടി വിവരം ഭരണസമിതി വിശദമായി പരിശോധിക്കേണ്ടതും ചെലവ് തുക അനുവദിക്കാൻ ബാധ്യസ്ഥനായ ഉദ്യോഗസ്ഥൻ ആയതിനാൽ ആധികാരികത ഉറപ്പ് വരുത്താതെ തുക അനുവദിച്ചതിന് നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-6 ലൈസൻസ് ഇല്ലാത്തവർക്ക് മുച്ചക്ര സ്കൂട്ടർ നൽകി

പ്രോജക്റ്റ് - ഭിന്നശേഷിക്കാർക്ക് സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ 77/18

നിർവ്വഹണം - മെഡിക്കൽ ഓഫീസർ പി.എച്ച്.സി.

അടങ്കൽ – 500000 വികസന ഫണ്ട്

ചെലവ് – 444900 ബിൽ 10/17-18 26.2.18

ഭിന്നശേഷിക്കാരായവർക്ക് സുഗമമായ യാത്രാസൗകര്യമൊരുക്കുന്നതിനായി സൈഡ് വീൽ ഘടിപ്പിച്ച സ്കൂട്ടർ വിതരണം ചെയ്യുന്നതിനാണ് പ്രോജക്റ്റ് തയ്യാറാക്കിയത്. ഗ്രാമസഭ തെരഞ്ഞെടുത്തു നൽകിയ ഗുണഭോക്താക്കളിൽ നിന്നും സ്ക്രീനിങ്ങ് നടത്തി മെഡിക്കൽ ഓഫീസർ വാഹനം ഓടിക്കാൻ പറ്റുമെന്ന് സാക്ഷ്യപ്പെടുത്തിയ ആറു പേർക്കാണ് സ്കൂട്ടർ വാങ്ങി നൽകിയത്. ആയതിനായി രജിസ്ട്രേഷൻ, ഇൻഷുറൻസ് എന്നിവയടക്കം ഒരു സ്കൂട്ടറിന് 74150 രൂപ പ്രകാരം 444900 രൂപ നൽകി കെൽട്രോണിൽ നിന്നും 6 സ്കൂട്ടർ വാങ്ങി. പ്രോജക്ടിലെ മുൻഗണനാ മാനദണ്ഡങ്ങൾ പ്രകാരം ലൈസൻസുള്ളവരും മറ്റ് വാഹനങ്ങൾ കൈവശമില്ലാത്തവരുമായവർക്കാണ് വാഹനം വാങ്ങി നൽകുന്നത്. എന്നാൽ വാഹനം വാങ്ങി നൽകിയവരിൽ ബാലകൃഷ്ണൻ ചാലിൽ മീത്തൽ എന്നയാൾക്കൊഴികെ മറ്റ് 5 പേർക്കും ലൈസൻസില്ല. ലൈസൻസില്ലാത്തവർക്ക് വാഹനം

അനുവദിച്ചതിനാൽ ആയത് ഉപയോഗിക്കാനാവാത്ത അവസ്ഥയിലാണ്. കൂടാതെ നിലവിൽ വാഹനം ഉള്ളവർക്കല്ല ആനുകൂല്യം ലഭ്യമാക്കുന്നത് എന്നുറപ്പാക്കാൻ നിർവ്വഹണ ഉദ്യോഗസ്ഥൻ നടപടികൾ സ്വീകരിച്ചതായും വിവരമില്ല. മേൽ അപാകതകളുടെ അടിസ്ഥാനത്തിൽ 444900 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.
നിലവിൽ വാഹനം ഉള്ളവർക്ക് ആനുകൂല്യം നൽകിയിട്ടില്ല എന്ന് ഉറപ്പു വരുത്തി വാഹനം ഉള്ളവർക്ക് നൽകിയിട്ടുണ്ടെങ്കിൽ വാഹനം തിരിച്ച് പിടിക്കേണ്ടതും മറ്റ് ഗുണഭോക്താക്കൾക്ക് നൽകേണ്ടതുമാണ്. ഗുണഭോക്താക്കൾ ലൈസൻസ് എടുത്ത് വാഹനം ഉപയോഗപ്പെടുത്തുന്ന വിവരം അറിയിക്കേണ്ടതാണ്

## 3-7 ശമ്പള പരിഷ്കരണം നടത്തിയതിനാനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയില്ല

സ. ഉ. (പി)7/2016/ഫിൻ തീ. 20.01.2016 പ്രകാരം ജീവനക്കാരുടെ പരിഷ്കരിക്കുന്നതിനും, 07/2014 മുതൽ 01/2016 വരെയുള്ള ശമ്പള കുടിശ്ശിക 4 ഗഡുക്കളായി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. ഇത് പ്രകാരം ഗ്രാമ പഞ്ചായത്തിലെ ജീവനക്കാരുടെ ശമ്പളം പരിഷ്കരിക്കുകയും 2017-18 സാമ്പത്തികവർഷത്തിൽ ജീവനക്കാരുടെ ശമ്പളകുടിശ്ശികയുടെ 2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ അടവാക്കുകയും ചെയ്തിട്ടുണ്ട്. മേൽ ഉത്തരവിലെ ഖണ്ഡിക 48 പ്രകാരം ജീവനക്കാരുടെ വർധിപ്പിച്ച അടിസ്ഥാന ശമ്പളത്തിന് ആനുപാതികമായി പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ 1, 2 ഗഡുക്കൾ അടവാക്കിയ ജീവനക്കാരുടെ പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കിയതായി കാണുന്നില്ല. സർക്കാർ ഉത്തരവിലെ നിർദ്ദേശങ്ങൾക്കനുസൃതമായി 01.04.2013 ന് മുമ്പ് സർവ്വീസിൽ പ്രവേശിച്ചതും, മേൽകാലയളവിൽ ശമ്പള പരിഷകരണ കുടിശ്ശികയുടെ 1,2 ഗഡുക്കൾ പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കപ്പെട്ടതുമായ എല്ലാ ജീവനക്കാരുടെയും പെൻഷൻ കോൺട്രിബ്യൂഷൻ അടവാക്കേണ്ടതാണ്

## 3-8 പിഎംഎവൈ വിഹിതം നൽകൽ - രശീതും പൂർത്തീകരണ വിവരവുമില്ലാത്തത്

1. പ്രോജക്ട് – പി.എം.എ.വൈ. ജനറൽ വിഹിതം കൈമാറൽ

   അടങ്കൽ – 520000 എസ് സി പി

   ചെലവ് – 520000 ബിൽ 1/17-18 10.1.2018

2. പ്രോജക്ട് – പി.എം.എ.വൈ. (ഗ്രാമീൺ) വിഹിതം കൈമാറൽ

   അടങ്കൽ - 32500 ടിഎസ്.പി

   ചെലവ് – 32500 ബിൽ 21/17-18 15.12.17

മേൽ പ്രോജക്ടുകൾക്കായി പേരാമ്പ്ര ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് 552500 രൂപ കൈമാറിയിട്ടുണ്ട്. ആയതിന് ബ്ലോക്ക് പഞ്ചായത്തിന്റെ ഔദ്യോഗിക രശീത് ലഭ്യമാക്കിയിട്ടില്ല. മേൽ പ്രോജക്ടുകളിലെ ഗുണഭോക്താക്കളുടെ വിവരം, ആയതിൽ എഗ്രിമെന്റ് വച്ചവരുടെ വിവരം, ഓരോ ഗുണഭോക്താവിനും നൽകിയ തുക, ഗഡു, വീട് നിർമാണത്തിന്റെ സ്റ്റേജ് എന്നിവ കാണിക്കുന്ന വിശദ വിവരങ്ങൾ എന്നിവ ഫണ്ട് കൈമാറിയ സ്ഥാപനമെന്ന നിലയിൽ ഗ്രാമപഞ്ചായത്തിനെ അറിയിക്കേണ്ടതുണ്ട്. എന്നാൽ ഇത്തരത്തിലുള്ള രേഖകൾ ബ്ലോക്ക് പഞ്ചായത്ത് ലഭ്യമാക്കിയിട്ടില്ല. മേൽ വിവരങ്ങൾ ലഭ്യമാക്കേണ്ടതും ഗ്രാമപഞ്ചായത്തിലെ ഗുണഭോക്താക്കൾക്ക് പ്രയോജനം ലഭിച്ച വിവരം മോണിട്ടർ ചെയ്യേണ്ടതുമാണ്.

## 3-9 പൂർത്തിയാകാത്ത വീടുകളുടെ പൂർത്തീകരണം:അടിസ്ഥാനരേഖകൾ ഹാജരാക്കിയില്ല

1)പ്രൊജക്ട് :ലൈഫ് ഭവനപദ്ധതി(പട്ടികജാതി)

പ്രൊജക്ട് നമ്പർ :88/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

ചെക്ക് നമ്പർ,തുക : 7/15-02-2018, 670,000 /-

11/06-03-2018, 150,000 /-

18/17-03-2018, 130,000 /-

21/28-03-2018, 80,000 /-

2)പ്രൊജക്ട് :ലൈഫ് ഭവനപദ്ധതി

പ്രൊജക്ട് നമ്പർ :89/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : വി.ഇ.ഒ

ബിൽ നമ്പർ, തുക : 8/15-02-2018, 1410,000 /-

10/06-03-2018, 260,000 /-

15/17-03-2018, 160,000 /-

22/28-03-2018, 680,000 /-

വി.ഇ.ഒ. നിർവ്വഹണ ഉദ്യോഗസ്ഥനായി മേൽ പ്രൊജക്ടുകൾ പ്രകാരം മുൻ വർഷങ്ങളിൽ വിവിധ ഭവനനിർമ്മാണ പ്രൊജക്ടുകളിൽ ധനസഹായം കൈപ്പറ്റിയിട്ടും പണി പൂർത്തീകരിക്കാത്ത ഗുണഭോക്താക്കൾക്ക്, അവർ മുൻപ് കൈപ്പറ്റിയ സബ്സിഡി തുക നിലവിലുള്ള സബ്സിഡി നിരക്കിനാനുപാതികമായി കണക്കാക്കി ബാക്കി തുക പ്രവർത്തി പൂർത്തീകരിക്കുന്നതിനനുസരിച്ച് നൽകിയിട്ടുണ്ട്.ഇതിൻ പ്രകാരം പ്രൊജക്ട് നമ്പർ 88/18ൽ 20 ഗുണഭോക്താക്കൾക്കും പ്രൊജക്ട് നമ്പർ 89/18ൽ 53 ഗുണഭോക്താക്കൾക്കും വീടുനിർമ്മാണത്തിന് ധനസഹായം നൽകിയിട്ടുണ്ട്.എന്നാൽ ഈ ഗുണഭോക്താക്കൾ മുൻ പ്രൊജക്ടുകളിൽ എത്ര തുക/ഗഡു മുൻപ് കൈപ്പറ്റിയിട്ടുണ്ട് എന്ന് രേഖപ്പെടുത്തിയിട്ടുള്ള അടിസ്ഥാന വിതരണ രജിസ്റ്റർ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയത് ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 3-10 വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ:ഇരട്ടിപ്പ് വരുന്നില്ലെന്ന് ഉറപ്പുവരുത്തുന്നില്ല

ഹെഡ് മാസ്റ്റർ നിർവ്വഹണ ഉദ്യോഗസ്ഥനായി വിവിധ പ്രൊജക്ടുകൾ ഗ്രാമ പഞ്ചായത്തിലെ വിദ്യാഭ്യാസ മേഖലയിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രൊജക്ടുകളുടെ വിശദാംശം ചുവടെ:

| | പ്രൊജക്ട് നമ്പർ | പ്രൊജക്ട് എസ്.എസ്.എ വിഹിതം അടവാക്കൽ | വകയിരുത്തിയ തുക |
|---|---|---|---|
| 1 | 59/18 | എസ്.എസ്.എ. വിഹിതം അടവാക്കൽ | 11,00,0,000 |
| 2 | 60/18 | എസ്.എസ്.എ. വിഹിതം അടവാക്കൽ (എസ്.സി.പി) | 300,000 |
| 3 | 61/18 | പ്രൈമറി സ്കൂൾ കുട്ടികൾക്ക് പ്രഭാത ഭക്ഷണം | 400,000 |
| 4 | 68/18 | സർക്കാർ സ്കൂളുകൾക്ക് എൽ.സി.ഡി പ്രൊജക്ടർ | 200,000 |
| 5 | 149/18 | വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം | 40,000 |

സർക്കാർ ഉത്തരവ് (എം.എസ്)72/2017 ത.സ്വ.ഭ.വ തിയ്യതി 29-03-2017 അനുസരിച്ച് പഞ്ചായത്തുകൾ വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ തയ്യാറാക്കുമ്പോൾ എസ്.എസ്.എ. തയ്യാറാക്കുന്ന പ്രൊജക്ടുകളുമായി ഇരട്ടിപ്പ് വരുന്നില്ലയെന്ന് കൃത്യമായി ഉറപ്പ് വരുത്തേണ്ടതാണ്.എന്നാൽ വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ട് തയ്യാറാക്കുമ്പോൾ സ്റ്റാന്റിംഗ് കമ്മറ്റികളോ വർക്കിംഗ് ഗ്രൂപ്പുകളോ പ്രൊജക്ട് രൂപീകരണത്തിന്റെ യാതൊരു ഘട്ടങ്ങളിലും എസ്.എസ്.എ നടപ്പാക്കാനുദ്ദേശിക്കുന്ന പ്രൊജക്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കി പ്രൊജക്ട് രൂപീകരണത്തിൽ ഇരട്ടിപ്പ് വരുന്നില്ലെന്ന് ഉറപ്പു വരുത്തിയിട്ടില്ല.ഭാവിയിൽ വിദ്യാഭ്യാസ മേഖലയിലെ പ്രൊജക്ടുകൾ ഏറ്റെടുക്കുമ്പോൾ ഇത്തരം അപാകതകൾ ഒഴിവാക്കി എസ്.എസ്.എ തയ്യാറാക്കുന്ന പ്രൊജക്ടുകളുമായി ഇരട്ടിപ്പ് വരുന്നില്ലയെന്ന് കൃത്യമായി ഉറപ്പ് വരുത്തേണ്ടതാണ്.

## 3-11 ഗുണഭോക്താക്കൾക്ക് തുക ലഭിച്ചെന്ന് ഉറപ്പുവരുത്തിയില്ല

പ്രൊജക്ട് :ക്ഷീര കർഷകർക്ക് പാലിന് ഇൻസെന്റീവ്

പ്രൊജക്ട് നമ്പർ :5/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഡയറി എക്സ്റ്റഷൻ ഓഫീസർ

മേൽ പ്രൊജക്ടുകൾ പ്രകാരം അളക്കുന്ന പാലിന് ഇൻസെന്റീവ് ക്ഷീര കർഷകർക്ക് നൽകുന്നതിനായി താഴെ കാണിച്ച ബില്ലുകൾ, ചെക്കുകൾ പ്രകാരം വിവിധ ക്ഷീര സഹകരണ സംഘങ്ങൾക്ക് 13,32,912/-രൂപ നൽകിയിട്ടുണ്ട്. തുകകൾ നൽകിയിരിക്കുന്നത് പഞ്ചായത്തിലെ 6 ക്ഷീര സഹകരണ സംഘങ്ങളുടെ അക്കൗണ്ടിലേക്കാണ്. എന്നാൽ ഈ അക്കൗണ്ടിൽ വരവ് വന്ന മുഴുവൻ തുകകളും ക്ഷീര കർഷകരുടെ അക്കൗണ്ടിലേക്ക് വിതരണം നടത്തിയതായി കാണുന്നില്ല.

| | ബിൽ/ചെക്ക് നമ്പർ | തുക |
|---|---|---|
| 1 | 1/27-02-2018 | 284,511 |
| 2 | 3781163/7-03-2018 | 496,162 |
| 3 | 3781167/26-03-2018 | 284,511 |
| 4 | 3781168/26-03-2018 | 152,239 |

| | | |
|---|---|---|
| 5 | 5/28-03-2018 | 115,489 |
| ആകെ | | 13,32,912 |

1332912 രൂപ അനുവദിച്ചതിൽ 1321377 രൂപ മാത്രമാണ് ക്ഷീര കർഷകരുടെ അക്കൗണ്ടിലേക്ക് വിതരണം നടത്തിയതായി കാണുന്നത്.

| ക്ഷീര സഹകരണ സംഘങ്ങൾ | ക്ഷീര കർഷകർക്ക് വിതരണം നടത്തിയത് |
|---|---|
| കടിയങ്ങാട് ക്ഷീര സഹകരണ സംഘം | 578,614 |
| ചിറക്കൊല്ലി ക്ഷീര സഹകരണ സംഘം | 234555 |
| കുളക്കണ്ടം ക്ഷീര സഹകരണ സംഘം | 139136 |
| വടക്കുമ്പാട് ക്ഷീര സഹകരണ സംഘം | 195475 |
| മൂഞ്ഞോറ ക്ഷീര സഹകരണ സംഘം | 165028 |
| പിള്ളപ്പെരുവണ്ണ ക്ഷീര സഹകരണ സംഘം | 8569 |
| ആകെ | 1321377 |

11,535/-രൂപ (13, 32, 912-1321, 377) ക്ഷീര കർഷകരുടെ അക്കൗണ്ടിലേക്ക് വിതരണം ചെയ്തിട്ടില്ല. പ്രൊജക്റ്റ് നടപ്പാക്കിയതിന് ശേഷം വർക്കിംഗ് ഗ്രൂപ്പ് മോണിട്ടറിംഗ് സമിതിയായി പ്രവർത്തിച്ച് പദ്ധതി നിർവ്വഹണം വിലയിരുത്തിയിട്ടില്ല. അപാകതകക്ക് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി-23/29-11-2018ക്ക് മറുപടി നൽകിയിട്ടില്ല. യഥാർത്ഥ ഗുണഭോക്താക്കൾക്ക് തുക ലഭിച്ചുവെന്ന് ഉറപ്പാക്കി ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. അല്ലാത്തപക്ഷം 11,535/- രൂപ തിരികെ ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 3-12 എസ്.എസ്.എ:അപാകതകൾ

1)പ്രൊജക്ട് :എസ്.എസ്.എ വിഹിതം അടവാക്കൽ

പ്രൊജക്ട് നമ്പർ : 59/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

ബിൽ നമ്പർ,തുക : 1/31-07-2017, 900,000 /- രൂപ

: 3/28-03-2018, 200,000 /- രൂപ

2)പ്രൊജക്ട് :എസ്.എസ്.എ വിഹിതം അടവാക്കൽ(എസ്.സി.പി)

പ്രൊജക്ട് നമ്പർ : 60/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഹെഡ് മാസ്റ്റർ

ബിൽ നമ്പർ,തുക : 2/31-07-2017, 300,000 /- രൂപ

ചങ്ങരോത്ത് ഗ്രാമ പഞ്ചായത്തിലെ സ്കൂളുകളിലേക്കുള്ള എസ്.എസ്.എ പ്രൊജക്ടുകൾക്കുള്ള പഞ്ചായത്ത് വിഹിതമായി 14,00,000/-രൂപ മേൽ ബില്ലുകൾ പ്രകാരം അടവാക്കിയിട്ടുണ്ട്. പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകൾക്ക് വേണ്ടി വിവിധ പ്രൊജക്ടുകളിലായി എസ്.എസ്.എ. ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. സർക്കാർ ഉത്തരവ് (എം.എസ്) 72/2017 ത.സ്വ.ഭ.വ തിയ്യതി 29-03-2017 പ്രകാരം ഇങ്ങനെ അടവാക്കുന്ന തുകകൾ പ്രസ്തുത കാര്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തേണ്ടതാണ്. എസ്.എസ്.എ ചെലവഴിച്ച തുകയുടെ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി പ്രൊജക്ടുകളുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് വിലയിരുത്തി വിവരം അറിയിക്കേണ്ടതാണ്. പദ്ധതിക്കായി ചെലവഴിച്ച 1400000/- രൂപയുടെ ചെലവ് തടസ്സത്തിൽ വെക്കുന്നു.

തടസ്സം ഒഴിവാക്കാൻ സ്വീകരിക്കേണ്ട നടപടികൾ

പഞ്ചായത്ത് പ്രദേശത്തെ സ്കൂളുകൾക്ക് വേണ്ടി വിവിധ പ്രൊജക്ടുകളിലായി എസ്.എസ്.എ ചെലവഴിച്ച തുകയുടെ വിശദമായ വിനിയോഗസാക്ഷ്യപത്രം ലഭ്യമാക്കി ഇങ്ങനെ ചെലവഴിച്ച തുകകൾ പ്രസ്തുത കാര്യത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് മോണിട്ടറിംഗ് സമിതി വിലയിരുത്തി സക്ഷ്യപ്പെടുത്തേണ്ടതാണ്.

## 3-13 അനുപൂരക പോഷകാഹാര പദ്ധതി: പണം മറ്റൊരു അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തു

**1)പ്രൊജക്ട് :അംഗൻവാടി പോഷകാഹാര വിതരണം(പട്ടികജാതി)**

പ്രൊജക്ട് നമ്പർ :90/18

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ/ചെക്ക് നമ്പർ,തുക : 9/23-12-2017, 500,000 /-

9386602/14-02-2018, 18,989 /-

1734220/28-03-2018, 14,988 /-

2)പ്രൊജക്ട് :അംഗൻവാടി പോഷകാഹാര വിതരണം

പ്രൊജക്ട് നമ്പർ :130/18+

നിർവ്വഹണ ഉദ്യോഗസ്ഥൻ : ഐ.സി.ഡി.എസ് സൂപ്പർവൈസർ

ബിൽ/ചെക്ക് നമ്പർ,തുക : 1/14-08-2017, 711,653 /-

5/31-10-2017, 532,248 /-

12/29-01-2018, 451,954 /-

9386613/14-02-2018, 580,357 /-

20/19-03-2018, 104,145 /-

173422/28-03-2018, 47,872 /-

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവ്വഹണ ഉദ്യോഗസ്ഥയായി മേൽ പ്രൊജക്ടുകൾ പ്രകാരം അംഗൻവാടികളിൽ പോഷകാഹാര വിതരണത്തിനായി തുക ചെലവഴിച്ചിട്ടുണ്ട്. ഇതിൻ അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തിയതിന് ഹൈജീനിക് ഫുഡ് പ്രൊഡക്ട്, മരുതോങ്കര എന്ന ഗ്രൂപ്പിനാണ് തുക കൈമാറേണ്ടത്. എന്നാൽ ഇങ്ങനെ തുക കൈമാറിയതിൽ പലതും സെക്രട്ടറി ഹൈജീനിക് ഫുഡ് പ്രൊഡക്ട് മരുതോങ്കര എന്ന പേരിലുള്ള എസ്.ബി.ഐ കുറ്റ്യാടി ബ്രാഞ്ചിലെ 67113576343എന്ന അക്കൗണ്ടിന് പകരം ഷൈജ എന്ന പേരിലുള്ള SBIN0070638 എന്ന ഐ.എഫ്.എസ്. കോഡിലെ 67113576347 എന്ന അക്കൌണ്ടിലേക്കാണ്. ഗ്രൂപ്പിന്റെ അക്കൊണ്ടിന് പകരം ഷൈജയുടെ അക്കൗണ്ടിലേക്ക് തുക ട്രാൻസ്ഫർ ചെയതതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

ഷൈജ അക്കൌണ്ട് നമ്പർ 67113576347

(ഐ.എഫ്.എസ് കോഡ്:SBIN0070638)

| | ബിൽ/ചെക്ക് നമ്പർ | ഷൈജയുടെ അക്കൌണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത തുക |
|---|---|---|
| 1 | 1/14-08-2017 | 485,237 |
| 2 | 5/31-10-2017 | 158,870 |
| 3 | 9386613/14-02-2018 | 444,804 |
| | | 10,88,911 |

ഓഡിറ്റിന്റെ ഭാഗമായി 167 നമ്പർ അംഗനവാടി (വലിയപറമ്പ്) യുടെ സ്റ്റോക്ക് രജിസ്ററർ പരിശോധിച്ചതിൽ സെപ്തംബർ മാസം വരെയുള്ള ന്യൂട്രിമിക്സ് സ്റ്റോക്കിലെടുക്കുകയോ വിതരണം നടത്തുകയോ ചെയ്തിട്ടില്ല.

അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തിയതിന് ഹൈജീനിക് ഫുഡ് പ്രൊഡക്ട്, മരുതോങ്കര എന്ന ഗ്രൂപ്പിന് നൽകാനുള്ള തുക മേൽ സ്ഥാപനത്തിന്റെ പേരിലുള്ള എസ്.ബി.ഐ കുറ്റ്യാടി ബ്രാഞ്ചിലെ 67113576343 എന്ന അക്കൗണ്ടിലേക്ക് വരവ് വന്നിട്ടുണ്ടെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. ഇതിനായി അക്കൗണ്ടിന്റെ ബാങ്ക് സ്റ്റേറ്റ്മെന്റ് ഹാജരാക്കേണ്ടതാണ്. ഹൈജീനിക് ഫുഡ് പ്രോഡക്ട് എന്ന സ്ഥാപനത്തിന്റെ അക്കൗണ്ടിന് പകരം ഷൈജയുടെ അക്കൗണ്ടിലേക്ക് തുക കൈമാറാനുണ്ടായ സാഹചര്യം ഭരണസമിതിയും ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും വിശദമായി പരിശോധിക്കേണ്ടതുമാണ്.

## ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 357000 | നെൽകൃഷി വികസനം | 93500 | 263500 |
| | | 100000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 100000 | |
| | | 700000 | പാലിന് ഇൻസൻറീവ് | 648401 | 51599 |
| ജില്ലാ പഞ്ചായത്ത് | | 400000 | പാലിന് ഇൻസൻറീവ് | 284511 | 115489 |

## 4-2 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | പൈപ്പ് ലൈൻ നീട്ടൽ കല്ലൂർക്കടവ് ഭാഗം | ബിൽ 15/17-18 27.1.18 | 1150000 | | 1150000 |
| | പൈപ്പ് ലൈൻ നീട്ടൽ വാർഡ് 6,7,9 | ബിൽ 24/17-18 14.3.18 | 1150000 | | 1150000 |
| | പൈപ്പ് ലൈൻ നീട്ടൽ വാർഡ് കുറ്റിയിൽ കോളനി ഭാഗം | ചെക്ക് 3855474/ 26.10.17 | 300000 | | 300000 |
| | പൈപ്പ് ലൈൻ നീട്ടൽ വാർഡ് ആപ്പറ്റ മീത്തൽ കോളനി ഭാഗം | 2016-17 വൗച്ചർ 21600933/ 09.03.17<br>ബിൽ 7/17-18 3.3.18 | 300000<br>120000<br>420000 | | 420000 |

മേൽപ്പറഞ്ഞവ കൂടാതെ 21.03.14ന് 300000 രൂപ വാട്ടർ അതോറിറ്റിയിൽ ഡെപ്പോസിറ്റ് ചെയ്തത് (മുൻകൂർ രജിസ്റ്റർ പ്രകാരം) ചെലവഴിച്ചതിന് വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ആകെ 33,20,000 രൂപ പല പ്രോജക്ടുകൾക്കായി ഡെപ്പോസിറ്റ് ചെയതത് ക്രമീകരിച്ചിട്ടില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-4 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ വരവില്ല.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചിട്ടില്ല. വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെ വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ എം എസ് ഭവന പദ്ധതി | ജി ഒ 322/2010/ത സ്വ ഭവ തി.29.01.2010 | | 1269033 | 0 | | 1269033 |

## 4-5 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 10000/- |
| തൻവർഷം നിക്ഷേപിച്ച തുക | - |
| ആകെ | 10000/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | - |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 10000/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| ഇ എം എസ് മെമ്മോറിയൽ കോ.ഓപ്പ് ഹോസ്പിറ്റല്& റിസർച്ച് സെന്റർ പേരാമ്പ്ര,ഷെയർ സർട്ടിഫിക്കറ്റ് നം.1426, 26.08.2004 | 10000/- |
| ആകെ | 10000/- |

## 4-6 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-7 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം |
|---|---|---|---|---|
| 1998-99 | 43 | 2003-04 | പൊതുപരാമർശം | മൺപാത്ര നിർമ്മാണം തുടങ്ങിയതിന് രേഖകളില്ല. |
| 1998-99 | 44 | -do- | -ടി- | പായ,കൊട്ട, മുറം നിർമ്മാണ യൂനിറ്റ് തുടങ്ങിയതിന് രേഖകളില്ല. |
| 2000-01 | | 2004-05 | -ടി- | നികുതി പിരിവിൽ അലംഭാവം |
| 2001-02 | 2(1) a,b 2(2),2(3),2(4), 2(5), 2(12) | 2006-07 | -ടി- | മണൽ വില്പന റിവർ മാനേജ്മെന്റ് ഫണ്ട് അടവാക്കുന്നില്ല. |
| | 4.2.8 | 2014-15 (പ്രവർത്തന ക്ഷമതാ റിപ്പോർട്ട്) | | ആർ.എം.എഫ്. ൽ ഒടുക്കിയ തുക കുറവ് |
| | 5.71 | | | മൃഗസംരക്ഷണം നീക്കി വെയ്ക്കുന്ന തുകകൾ പരിമിതം |
| | 5.7.3 | | | മൃഗസംരക്ഷണ പദ്ധതി നാമമാത്രം, പദ്ധതി നടത്തിപ്പിലെ കാര്യക്ഷമതയില്ലായ്മ |
| | 5-7.12 | | | കർഷകർക്ക് പരിശീലനം നൽകിയില്ല, ഗോരക്ഷാ ക്യാമ്പ് നടത്തിയില്ല, സംസ്ഥാന വിഹിതം ലഭ്യമാക്കാത്തതിലെ കാലതാമസം, കാലിത്തീറ്റയുടെ ഗുണനിലവാരം പരിശോധിക്കുന്നില്ല |
| 2015-16 | അനുബന്ധം -5 | 2016-17 | | തൊഴിൽ നികുതി അപാകതകൾ |

## 4-8 തീർപ്പാക്കാൻ അവശേഷിക്കുന്ന ചാർജ് /സർചാർജ് നടപടികളുടെ വിവരം

ഇല്ല

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 61978732 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 74749802 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 13201 |

| | | |
|---|---|---|
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 726200 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 2478195 |

(ചെലവിനങ്ങളിലുള്ള നഷ്ടം,വരവിനങ്ങളിലുള്ള നഷ്ടം എന്നിവ ബിയിലേയും സിയിലേയും തുകയാണ്.)

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 2-3 | 13201 | | ശ്രീ. ബിനു ജോസ്, സെക്രട്ടറി |
| 3-4 | | 715000 | ശ്രീ വിനോദ്. ആർ. എം, വി. ഇ. ഒ. |
| 3-5 | | 11200 | ശ്രീ അനീഷ് അരവിന്ദ്, സെക്രട്ടറി (750)<br>ശ്രീ ബിനു ജോസ്, സെക്രട്ടറി (10450) |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1(2) | 31830 | ശ്രീ.ലോറൻസ് എൻ, അസി എഞ്ചിനീയർ |
| 3-2(1) | 93500 | ശ്രീമതി.ഷെൽജ.പി, കൃഷി ഓഫീസർ |
| 3-2(2) | 496430 | ശ്രീമതി.ഷെൽജ.പി, കൃഷി ഓഫീസർ |
| 3-6 | 444900 | ഡോ ബിജേഷ് ഭാസ്കരൻ, മെഡിക്കൽഓഫീസർ(പിഎച്ച് സി) |
| 3-12 | 1200000 | ശ്രീ. കുഞ്ഞമ്മത് വി.പി. |
| | 200000 | ശ്രീ.സാം ഫിലിപ്പ്, ഹെഡ് മാസ്റ്റർ |
| 3-11 | 11,535 | ശ്രീ ശിവദാസൻ കെ, ക്ഷീരവികസന ഓഫീസർ |
| | 2478198 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ<br>(ഓഡിറ്റ് നടന്ന സമയത്തെ)<br>ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ വിനോദ് ആർ എം,<br>വി ഇ ഒ | വി ഇ ഒ, ചക്കിട്ടപാറ ഗ്രാമ പഞ്ചായത്ത് | രണ്ടുകാവുങ്ങൽ , ചെമ്പനോട പിഒ 673528 |
| ശ്രീ അനീഷ് അരവിന്ദ്,<br>സെക്രട്ടറി | സെക്രട്ടറി<br>ചക്കിട്ടപ്പാറ ഗ്രാമ പഞ്ചായത്ത് | ശ്രീഹരി നിവാസ്, പേരാമ്പ്ര പി ഓ |
| ശ്രീ ബിനു ജോസ്, സെക്രട്ടറി | സെക്രട്ടറി<br>വളയം ഗ്രാമ പഞ്ചായത്ത് | താനിയാനിക്കൽ കൂരാച്ചുണ്ട്, കോഴിക്കോട് 673527 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1993-94 | കെ.എസ്.എ.കെ.കെ.<br>ഡി.പി4/534/18<br>തീ.5.6.2018 | 1<br>20 |
| 1996-97 | കെ.എസ്.എ.കെ.കെ.<br>ഡി.പി4/534/18(2)<br>തീ.5.6.2018 | 4<br>25(1), 29, 30(1), 30(2) |
| 1997-98 | കെ.എസ്.എ.കെ.കെ.<br>ഡി.പി4/534/18(3)<br>തീ.5.6.2018 | 1<br>33 |
| 1998-99 | കെ.എസ്.എ.കെ.കെ.<br>ഡി.പി4/534/18(4)<br>തീ.5.6.2018 | 3<br>(39,43,44) |
| 1999-00 | കെ.എസ്.എ.കെ.കെ.<br>ഡി.പി4/534/18(5)<br>തീ.5.6.2018 | 1<br>36 |
| 2000-01 | കെ.എസ്.എ.കെ.കെ.<br>ഡി.പി4/534/18(6)<br>തീ.5.6.2018 | 2<br>3,7 |
| 2001-02 | എൽഎഫ് കെകെഡി പി4/738/09 തി 8.9.09 | 2-1,2-1ബി, 2-1സി, 2-3,2-4,2-5, 2-7,2-8, 2-10,2-11, 2-12,2-13, 2-15,2-16,2-17 |
| 2001-02 പ്ലാൻ | എൽഎഫ് കെകെഡി പി2/832/03 തി 11.11.05 | 6,8,9,10,11 |
| 2002-03 | എൽഎഫ് കെകെഡി പി4/737/09 തി 9.7.09 | 2-1,2-2, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11,3-12, 3-13, 3-14 |
| 2003-04 | എൽഎഫ് കെകെഡി പി4/752/09 തി 4.8.09 | 2-1,2-2,2-3, 2-4,2-5,2-6, 2-7, 2-8, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19,4-1 |
| 2004-05 | എൽഎഫ് കെകെഡി എസ്3/818/09 തി 6.1.09 | 2-1,2-2,2-3,3-1,3-2,3-3,3-4,3-5,3-6,3-7 |
| 2005-06 | എൽഎഫ് കെകെഡി പി4/837/09 തി 4.8.09 | 2-1,2-2,2-3,3-1,3-2,3-3,3-4,3-5,3-6,3-7<br>3-8, 3-9, 3-10, 3-11, 3-12 |
| 2006--07 | എൽഎഫ് കെകെഡി പി4/1157/11 തി 20.1.12 | 2-1,2-2,2-3,2-5,2-6,2-7,2-8,2-9,3-3,3-5, 3-9,3-10,3-11<br>3-12,3-13,3-14,3-15, 3-17,3-18, 3-19, 3-20,3-21, 3-22,3-23, |

| | | |
|---|---|---|
| | | 3-24,3-25,3-26,3-27,3-28,3-29,3-30 |
| 2007-08 | എൽഎഫ് കെകെഡി പി4/1158/11 തി 3.2.12 | 2-5,2-7,<br>3-1,3-2,3-3,3-4,3-5,3-6,3-7,3-8,<br>3-9,3-10<br>3-11, 3-12,3-13, 3-14, 3-15,3-16, 3-17,<br>3-18, 3-19, 3-20, 3-21,<br>3-23, 3-24,3-25 |
| 2008-09 | എൽഎഫ്.കെകെഡിപി4/1935/12 തി 25.1.13 | 2-3,3-1,3-2,3-3,3-4,3-5,3-6,3-7,3-8,3-9,<br>3-10,3-11(1),(2), 3-12,<br>3-13, 3-14,3-15,3-16, 3-17,3-18, 3-19 |
| 2009-10 | എൽഎഫ്.കെകെഡിപി4/1940/12 തി 28.1.13 | 2-2, 3-1,3-2,3-3,3-4,3-5,3-6,3-7,3-8,<br>3-11,3-12,3-13<br>3-14,3-15,3-16,3-17,<br>3-18,3-19,3-20,3-21 |
| 2010-11, 2011-12 | എൽഎഫ്.കെകെഡിപി4/2200/14 തി 2.5.15 | 2-1,2-2(2),2-2(3),2-2(4),2-3, 3-2,3-6(1)<br>3-6(2),3-7,3-8,3-9,3-10, 3-12,<br>3-14,3-15,3-18,3-19,3-21, 3-22,3-23,<br>3-25 |
| 2012-13 | കെ എസ് എ കെ കെ ഡി/പി4 /210/14 29.10.15 | 1-2,1-3,1-4,2-2ബി, 2-4(2), 2-4(4),<br>2-6(2) , 2-6(4), 2-6(5),2-7, 3-1,3-2,3-3,<br>3-5,3-6,3-8,3-10, 3-11,3-12,3-13, 3-14,<br>3-15,3-16, 3-183-19, 4-1(1), 4-1(2) |
| 2013-14, 2014-15 | കെ എസ് എ കെ കെ ഡി/പി4 /1387/ 16 | 3-1,3-2,3-3, 3-5,3-6,3-7,<br>3-11,3-12,3-13, 3-15 |
| 2015-16 | *കെ എസ് എ കെ.കെ.ഡി/പി 4/2098/2016 തീ.5.5.17* | 2-1,2-2,2-3,2-4, 2-5,3-1,<br>3-2,3-3,3-4,3-5,<br>3-6,3-7,3-8,3-9,3-10,3-11,3-12, 3-13 |
| 2016-17 | *കെ എസ് എ കെ.കെ.ഡി/പി 4/ 529/18* *തീ.* 03.04.2018 | 2-1(3), 2-2, (1,2,3,4,5), 2-3, 3-1, 3-3,<br>3-4, 3-5, 3-7, 3-8, 3-11, 3-12(1), (2),<br>3-13, 3-14, 3-15, 3-16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

.

## അനുബന്ധം-1

### ഓഡിറ്റ് സാക്ഷ്യപത്രം

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് / നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും ചങ്ങരോത്ത് ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്